# Kerala Private College Teacher



അതിശക്തമായ പണിമുടക്ക് : ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ ജൂലൈ 28ന് പണിമുടക്കിയ കോളേജധ്യാപകർ തിരുവനന്തപുരത്ത് പ്രകടനം നടത്തുന്നു

**No. 113**

ആഗസ്ററ് 93

# ശമ്പളം വെട്ടൽ വീണ്ടും 21ന് ധർണ

kerala private college teacher
monthly journal of the all kerala private college teachers' association

state committee office.
t. c. 28/406
ambujavilasam road
thiruvananthapuram-1

phone: 77494

no. 113
august '93

editor
v n. murali

managing editor
k. p. divakaran nair

editorial board
v. narayanankutty
k sadasivan nair
p. g. chandrasekharan nair
e. j. sivasankaran
t n. manoharan
j chandra
rajendran
johny k. john

ഇരുപതും ഇരുപത്തഞ്ചും വർഷം സർവ്വീസുള്ള അധ്യാപകരുടെ ശമ്പളം തടഞ്ഞുവെച്ചുകൊണ്ടാണ് ചില ഡെപ്യൂട്ടി ഡി. സി. ഇ. മാർ അവരുടെ അധികാരവും അഹങ്കാരവും കാണിക്കുന്നത്. സ്ഥലം മാററി, ലീൻമാററി എന്നൊക്കെ ചില തൊടു ന്യായങ്ങൾ പറഞ്ഞാണ് ഈ അന്യായം. മാനേജരോട് കാര്യങ്ങൾ ചോദിക്കാതെ അധ്യാപകൻെറ മേലുള്ള ഈ കുതിരകയററം മാന്യ ഡെപ്യൂട്ടികൾ അവസാനുപ്പിക്കണം.

ഭജനം മൂത്ത് ഊരാണ്മ എന്നു പറഞ്ഞ അവസ്ഥയാണിപ്പോൾ. കോളേജധ്യാപകർക്ക് ശമ്പളം നൽകാൻ സ്ഥാപിക്കപ്പെട്ടതാണ് ഡെപ്യൂട്ടി ഡി സി.ഇ. ഓഫീസുകൾ. അവരിപ്പോൾ അധ്യാപകൻെറമേൽ ഭരണം നടത്താൻ പുറപ്പെട്ടിരിക്കയാണ്. അധ്യാപകൻ എപ്പോൾ വന്നു, എത്രമണിക്കൂർ പഠിപ്പിച്ചു ഇതെല്ലാം അവർക്കറിയണമെന്ന കുറിമാനം കോളേജുകളിൽ എത്തിയിട്ടുണ്ട്. അധ്യാപകർക്കിത് ആരോടും പറയുന്നതിനു മടിയില്ല. പക്ഷേ എല്ലാററിനും ഒരു വ്യവസ്ഥയും വെള്ളിയാഴ്ചയുമൊക്കെ വേണ്ടേ? ഇല്ലാത്ത അധികാരങ്ങൾ പ്രയോഗിച്ചാൽ ആരെങ്കിലും ഗൗനിക്കുമോ? വർക്ക് ലോഡിനെപ്പററിയും മററും പറയേണ്ടതും ചോദിക്കേണ്ടതും യൂണിവേഴ്സിററികളാണ്. അവരിൽ നിന്ന് ആ അധികാരം മാററിയതായി ഞങ്ങൾക്കറിവില്ല. പിന്നെങ്ങനെയാണ് ഡെപ്യൂട്ടികൾ ഇതൊക്കെ ചോദിക്കുന്നത്.

ഈ ഡെപ്യൂട്ടി ഓഫീസുകളിൽ എന്തെങ്കിലും നേരെ ചൊവ്വേ നടക്കുന്നുണ്ടോ? കുടിശിക ബില്ലുകൾ എത്രയെണ്ണമാണ് കെട്ടികിടക്കുന്നത്. അത്യാവശ്യത്തിന് ഒരു പി എഫ് ലോണിനപേക്ഷിച്ചാൽ എന്താവും അതിൻെറ അവസ്ഥ? സപ്ലിമെൻററി ബില്ലുകൾ കൃത്യമായി പാസാക്കുന്നുണ്ടോ? യു.ജി.സി. ശമ്പള കുടിശികയുടെ ബില്ലുകൾ പാസാക്കുന്നതിലെ ക്രമക്കേടുകൾ എണ്ണിയെണ്ണിപറയാനുണ്ടാകും. ഇതൊക്കെ ഒന്നു നേരെ ആക്കിയിട്ടുപോരെ പുതിയ അധികാരമേഖലകൾ തേടുന്നത്? ബില്ലു പാസാക്കേണ്ടവർ ആ ജോലി ചെയ്താൽ മതി. ഇല്ലാത്ത അധികാരം കയ്യാളരുത്.

## ഡി.സി.ഇ. ഓഫീസിനു മുമ്പിൽ ധർണ

ശമ്പളം വെട്ടലിൽ പ്രതിഷേധിച്ച് എ കെ പി സി ടി എ ആഗസ്ററ് 21ന് രാവിലെ 10 മണിമുതൽ തിരുവനന്തപുരത്ത് ഡിസിഇ ഓഫീസിനു മുമ്പിൽ ധർണ നടത്തുന്നതാണ് എല്ലാ അധ്യാപകരും അന്നു രാവിലെ 9 മണി... രക്ത സാക്ഷിമണ്ഡപത്തിനു മുമ്പിൽ എത്ത...

# ആത്മാഭിമാനം സംരക്ഷിക്കാൻ അതിശക്തമായ പണിമുടക്ക്

**കോ**ളേജധ്യാപകരുടെ സംഘടിതശക്തിയും സമരശേഷിയും ഒരിക്കൽകൂടി തെളിയിച്ച പണിമുടക്കാണ് ഇക്കഴിഞ്ഞ ജൂലൈ 28ന് നടന്നത്. ഇന്നുവരെ സംഘടനയിൽ ചേർന്നിട്ടില്ലാത്തവർപോലും എ കെ പി സി ടി എ, എ കെ ജി സി ടി ആഹ്വാനമനുസരിച്ച് പണിമുടക്കി. അധ്യാപകരുടെ നിലനില്പ്തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന നിർണായകമായ ഈ സന്ദർഭത്തിൽ പണിമുടക്കിൽ പങ്കു ചേർന്ന് സർക്കാരിന് ശക്തമായ മുന്നറിയിപ്പു നല്കിയ എല്ലാ അധ്യാപകരെയും ഞങ്ങൾ അഭിനന്ദിക്കുന്നു.

പകുതിയിലധികം അധ്യാപകരെ സ്കൂളിലേയ്ക്ക് പറഞ്ഞുവിടാനുള്ള ബില്ലാണ് മന്ത്രി നിർലജ്ജം നിയമസഭയിലവതരിപ്പിച്ചത്. ഒരു ദിവസത്തെ പരീക്ഷാജോലി ചെയ്തില്ലെങ്കിൽ 90 ദിവസത്തെ ശമ്പളം പിടിക്കുമെന്ന കിരാത നിയമം ബില്ലിലുണ്ട്. യൂണിവേഴ്സിറ്റി ജനാധിപത്യം തകർത്തെറിഞ്ഞിരിക്കുന്നു. എല്ലാ അധികാരങ്ങളും കവർന്നെടുത്തുകൊണ്ട് വിദ്യാഭ്യാസമന്ത്രിയുടെ സ്വേച്ഛാധിപത്യം യൂണിവേഴ്സിറ്റിയിൽ സ്ഥാപിച്ചെടുക്കുകയാണ് ബില്ലിന്റെ ലക്ഷ്യം.

നിയമസഭയിൽ ബില്ലവതരിപ്പിച്ചപ്പോൾ സഭയ്ക്കകത്തും പുറത്തും വ്യാപകമായ പ്രതിഷേധമുയർന്നു. ബില്ലിന്റെ അവതരണത്തെ സ.ഇ.കെ. നായനാർ എതിർത്തു. വിഭാഗീയ വിഷം പരത്തുന്നതാണ് ബില്ലെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ കോളേജുകളെല്ലാം പ

**പണിമുടക്ക് സർക്കാരിനൊരു താക്കീത്**

**ആർക്കും വേണ്ടാത്ത ബില്ല് ഉപേക്ഷിക്കണം**

**അധ്യാപകരെ തരംതാഴ്ത്താൻ അനുവദിക്കില്ല**

**യൂണിവേഴ്സിറ്റി ജനാധിപത്യം നിലനിർത്തുക**

ണിമുടക്കുമൂലം നിശ്ചലമായി. വാലുവേഷൻ ക്യാമ്പുകൾ അധ്യാപകർ ബഹിഷ്കരിച്ചു. യൂണിവേഴ്സിററി പരീക്ഷകൾ മുടങ്ങി. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേററിൽ എഫ്.എസ്.ഇ.ടി.ഒ.യുടെ നേതൃത്വത്തിൽ പ്രതിഷേധപ്രകടനം നടന്നു.

ഈ മുന്നറിയിപ്പ് കാണാൻ സർക്കാർതയ്യാറാകുന്നില്ലെങ്കിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും ഉണ്ടാവുക. കോളേജദ്ധ്യാപകർക്കിത് ജീവിതസമരമാണ്. കാലാകാലങ്ങളിലുണ്ടാകുന്ന വികലമായ പരിഷ്കാരങ്ങളുടെ ബലിയാടുകളാകാൻ അധ്യാപകരെകിട്ടില്ല. യോഗ്യതയുടെ അടിസ്ഥാനത്തിൽ കോളേജുകളിലേയ്ക്ക് നിയമിക്കപ്പെട്ടഅധ്യാപകർ യൂണിവേഴ്സിററിയുമായി ബന്ധമില്ലാത്ത ബോർഡിന്റെ കീഴിൽ പോകേണ്ട ആവശ്യമില്ല. അങ്ങനെ പോകണമെന്നാവശ്യപ്പെട്ടാൽ അതിനെ ചെറുത്തു തോല്പിക്കുകയുംചെയ്യും.

ഈ ബില്ല് അപ്പാടെ ഉപേക്ഷിക്കണമെന്നാണ് എ കെ പി സി ടി എ ആവശ്യപ്പെടുന്നത്. അത്രമാത്രം വിദ്യാഭ്യാസ വിരുദ്ധമാണിത്. നിലവിലുള്ള യൂണിവേഴ്സിററി നിയമങ്ങളുടെ പോരായ്മ എന്താണെന്ന് ഈ ബില്ലുകൊണ്ടുവന്നവർ പറയുന്നില്ല. ഇന്നു ഭരിക്കുന്നവരുടെ സങ്കുചിത താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രമാണ് പുതിയബില്ലുമായി വരുന്നത്. അൺഎയ്ഡഡ് കോളേജുകളും സെൽഫ് ഫൈനാൻസിങ്ങ് കോളേജുകളുംആട്ടോണമസ് കോളേജുകളുമൊക്കെ ആരംഭിച്ച് വിദ്യാഭ്യാസക്കച്ചവടം നടത്തുന്നതിനു വഴിതുറക്കുകയാണ്ലക്ഷ്യം.തെരഞ്ഞെടുക്കപ്പെട്ട സെനററും,സിൻഡിക്കേററും ഇത്തരംകച്ചവടത്തിനെതിരായിരിക്കും.അതുകൊണ്ടാണ് അതെല്ലാം നോമിനേററഡ് സമിതികളാക്കുന്നത്. വിദ്യാഭ്യാസ രംഗത്തുപ്രവർത്തിക്കുന്ന അധ്യാപകരെ ഈ സമിതികളിൽ നിന്നൊക്കെഒഴിയുന്നത്രഒഴിവാക്കാനും ശ്രമിച്ചിട്ടുണ്ട്. ബില്ലിൽപ്പറയുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ അധ്യാപകപ്രാതിനിധ്യമേയില്ല. ശ്രീമാൻ എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ കൊണ്ടുവന്ന ഒരു കരിനിയമമുണ്ടായിരുന്നു; ഒരു ദിവസത്തെ പരീക്ഷാജോലി ചെയ്തില്ലെങ്കിൽ അറുപതു ദിവസത്തെ ശമ്പളം പിടിക്കും. പിന്നീട് ഭരണത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ഈ നിയമം എടുത്തുകളഞ്ഞു. ഇപ്പോഴിതാ കൂടുതൽ വാശിയോടെ തൊണ്ണൂറു ദിവസത്തെ ശമ്പളം പിടിക്കുമെന്നാക്കിയുരിക്കുന്നു ശിക്ഷ. ഇതൊക്കെ നിയമസഭയിൽ അവതരിപ്പിക്കുന്നവരുടെ ചർമ്മബലം അപാരംതന്നെ.

വലിയൊരു സമരത്തിന് സജ്ജരാകാൻ എ കെ പി സി ടി എ എല്ലാ അധ്യാപകരോടും അഭ്യർത്ഥിക്കുകയാണ്. ഏതു സംഘടനയിൽ പെട്ടവരായാലും ഇതുപോലുള്ള സന്ദർഭങ്ങളിൽ പോരാട്ടത്തിന്റെ പാതയിലേയ്ക്ക്വന്നേ മതിയാകൂ.

അധ്യാപകരുടെ സമരശക്തിയുടെ മുന്നിൽ ഒരു കരിനിയമത്തിനും നിലനില്ക്കാനാവില്ല. ചരിത്രം നമുക്ക്തരുന്ന പാഠമതാണ്.

എ കെ പി സി ടി എ സിന്ദാബാദ്
സംയുക്ത സമരസമിതി സിന്ദാബാദ്

# ബില്ലിലെ പ്രസക്തഭാഗങ്ങൾ തുടർന്നുള്ള പേജുകളിൽ

നിയമസഭയിൽ അവതരിപ്പിച്ച 'കേരള യൂണിവേഴ്സിററീസ് ബിൽ 1993'ലെ പ്രസക്തഭാഗങ്ങൾ തുടർന്നുള്ള പേജുകളിൽ കൊടുക്കുന്നു. ബില്ല് ഇംഗ്ലീഷിലും അതിനെപ്പററിയുള്ള സംഘടനയുടെ വിലയിരുത്തൽ മലയാളത്തിലും കൊടുത്തിട്ടുണ്ട്.

-പത്രാധിപർ

ബില്ലിൽ നിന്നും

# CHAPTER-X

# HIGHER SECONDARY BOARD

55. *The Kerala State Board of Higher Secondary Education:*—(1) The Government shall, by notification in the Gazette with effect from such date as may be specified therein establish a body called the Kerala State Board of Higher Secondary Education (hereinafter called the Board) consisting of such members as they deem fit (hereinafter referred to as the'Board')to control the Higher secondary or Pre-degree stage of education in the State.

(2) The Board shall have control over the following schemes and stages of higher secondary education in the State namely:—

(a) the Pre-degree course run by the three Universities deemed to have been constituted under this Act;

(b) the vocational higher secondary system run by the Government;

(c) the higher secondary courses run by the Government; and

(d) such other schemes or sub-systems as may be decided by the Government from time to time.

(3) Control of the existing Pre-degree courses run by the Universities referred to in clause (a) of sub section(2) shall vest in the Bord from the date on which the Board comes into existance.

(4) The Board shall be competent to prepare a unified course and system for integrating the courses mentioned in sub section (2).

(5) The control over the vocational higher secondary schools and the Pre-degree and equivalent courses run by the Government and private colleges shall ves- in the Board from the date specified in the notification under sub-section (1)

(6) The Board shall exercise such other powers and perform such other funetions as may be specified by theGovernment by notification in the Gazette.

(7) The juniormost teachers of the affiliated colleges who are not covered by the University Grants Commission Scheme and who are considered surplus for the degree courses shall be transferred by the Government to the higher secondary division under the Board.

(8) The teachers referred to in sub-section (7) shall however have the right to retain the lien in their parent institutions and shall be entitled to be covered by the University Grants Commission Scheme as and when they are eligible for the same had they cotinued in the parent institutions.

(9) The non-teaching staff in the affiliated colleges who are considered surplus for the degree courses shall also be transferred by the Government to the higher secondary division under the Board and such staff shall continue to enjoy the promotional and other service benefits to which they would have been entitled had the Pre-Degree course been cotinued in their respective parent institutions.

(10) The non-teaching staff in the University who opt to serve the Board, and accordingly appointed by the Government or other junior most employee whomay have to be transferred by the Government to the Board on the ground that they are surplus shall be entitled to all service benefits including promotions to higher post to which they would have been entitled had they been continued in the University service.

# കോളേജ് അധ്യാപകരെ സ്കൂളിലേയ്ക്ക് മാററുന്നു

ലോകത്തെങ്ങും കേട്ടുകേൾവിയില്ലാത്ത, തലതിരിഞ്ഞൊരു പരിഷ്കാരത്തിനാണ് കേരള സർക്കാർ തയ്യാറായിരിക്കുന്നത് —പകുതിയിലധികം കോളേജധ്യാപകരെ സ്കൂളധ്യാപകരായി തരംതാഴ്ത്താൻ നിയമംഎഴുതിയുണ്ടാക്കിയിരിക്കുന്നു! ആത്മാഭിമാനമുള്ള ആർക്കും ഇതിനെ ചെറുക്കാതിരിക്കാനാവില്ല. അതുകൊണ്ടാണ് ഈ കരിനിയമം ബില്ലായി നിയമസഭയിൽ അവതരിപ്പിച്ച ജൂലൈ 28 ന് എ.കെ.പി.സി.ടി.എ — എ.കെ.ജി.സി.ടി. സംഘടനകൾ പണിമുടക്കാഹ്വാനം നല്കിയത്. ബഹുഭൂരിപക്ഷം അധ്യാപകരും പണിമുടക്കിൽ പങ്കുചേർന്നു. അന്നേ ദിവസം കരിങ്കാലിപ്പണി ചെയ്ത അപൂർവ്വം ചിലരുണ്ട്. അവരെപ്പററി ഞങ്ങൾ ഒന്നും പറയുന്നില്ല.

കോളേജധ്യാപകന്റെ നിലനില്പാണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. 'പ്രീഡിഗ്രി ബോർഡ്'' എന്ന പേരിൽ മുമ്പുകൊണ്ടുവന്നതു തന്നെയാണ് ഇപ്പോൾ വേഷംമാറി വന്നിരിക്കുന്നത്. അന്നത്തെ അനുഭവം ഓർമ്മയുള്ള കരുണാകരസർക്കാർ കുത്തകപ്പത്രങ്ങളെ രംഗത്തിറക്കി നുണ പ്രചാരണം തുടങ്ങിയിട്ടുണ്ട്. ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിന്റെ തലേദിവസം തന്നെ 'മനോരമ' അവരുടെ പണി തുടങ്ങി. ജൂലൈ 27 ന് ആ പത്രത്തിന്റെ പ്രധാനവാർത്തതന്നെ 'ഹയർ സെക്കൻററി ബോർഡിൽ സേവനവ്യവസ്ഥകൾ ഭദ്രം' എന്നാണ്. രാജാവിനെക്കാൾ, എന്തൊരു രാജഭക്തി! വരാൻ പോകുന്ന സമരത്തെ മുൻകൂട്ടി കണ്ട് അതിനെതിരായ പ്രചാരണം തന്ത്രപൂർവ്വം കുറിക്കുകയാണ്. കോളേജുകളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അധ്യാപകരെ തരംതാഴ്ത്തി സ്കൂളധ്യാപകരാക്കുന്നുവെന്ന സത്യം അവർക്ക് മറച്ചുപിടിക്കണം. ഹയർ സെക്കൻററി ബോർഡിൽ പോകുന്നവർ കോളേജധ്യാപകരെന്നല്ല പിന്നീട് അറിയപ്പെടുന്നതെന്ന് എല്ലാവർക്കുമറിയാം. ഇപ്പോൾ ഡിഗ്രി-പ്രീഡിഗ്രി വ്യത്യാസമില്ലാതെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് കോളേജുകളിൽ. ആ അധ്യാപകരെ അവരുടേതല്ലാത്ത കുററത്തിന് സ്കൂളിൽ പറഞ്ഞുവിടുന്നത് എന്തിന്റെ പേരിലായാലും അഭിമാന ബോധമുള്ളവർ സമ്മതിക്കില്ല. മററൊരു സർവ്വീസിലും ഇങ്ങനെയൊരു പരിഷ്കാരത്തെപ്പററി ആലോചനപോലും നടന്നിട്ടുണ്ടാവില്ല. അധ്യാപകർക്ക് തിരിച്ചുവരാമെന്നു പറയുന്നത് ആരുവിശ്വസിക്കാനാണ്! ഉള്ള വേക്കൻസികൾ വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നിടത്ത് തിരിച്ചുവരവു നടക്കുന്നതല്ല. ഹയർ സെക്കൻററി യൂണിവേഴ്സിററിയുടെ ഭാഗമല്ല. അപ്പോൾ അവിടെ പഠിപ്പിക്കുന്ന കാലത്തെ സർവ്വീസ് കോളേജിലെ പ്രൊമോഷന് പരിഗണിക്കുന്ന പ്രശ്നവും ഉണ്ടാകില്ല. എം. ഫിൽ/പി.എച്ച്.ഡി യ്ക്ക് സെലക്ഷൻ കിട്ടിക്കൊണ്ടിരിക്കുന്ന കോളേജധ്യാപകർക്ക് ഹയർ സെക്കൻററിയിൽ ചെല്ലുമ്പോൾ ആ വഴിയും അടയും. ഇത്തരത്തിൽ അധ്യാപക ജീവിതത്തെ തകർത്തെറിയാൻ കൊണ്ടുവരുന്ന ഈ കരിനിയമത്തെ വെള്ളപൂശാൻ ശ്രമിക്കുന്നവർ ആരായാലും അധ്യാപകർ അവരെ തിരിച്ചറിയുക തന്നെ ചെയ്യും.

ഇന്നു സർവ്വീസിലുള്ള മൊത്തം അധ്യാപകരേയും സംരക്ഷിച്ചുകൊണ്ടാണ് നായനാർ സർക്കാർ കേരളത്തിൽ യു.ജി.സി. നടപ്പിലാക്കിയത്. പതിനാറുവർഷമായി നിരവധി സമരങ്ങളിലൂടെ അധ്യാപകർ ഉന്നയിച്ചുകൊണ്ടിരുന്ന പ്രധാനപ്പെട്ടൊരാവശ്യം അംഗീകരിക്കുകയാണ് നായനാർ സർക്കാർ ചെയ്തത്. ഡിഗ്രിയ്ക്ക് പഠിപ്പിക്കുന്ന വരും പ്രീഡിഗ്രിയ്ക്ക് പഠിപ്പിക്കുന്നവരും തമ്മിൽ യാതൊരുവേർതിരിവുമില്ലാതെ പഠിപ്പിക്കാനുള്ള അവസരം ആ സർക്കാർ സൃഷ്ടിച്ചിരുന്നു. ഇന്ന് അധ്യാപകർ ആ നിലയിൽ പഠിപ്പിച്ചുവരികയുമാണ്. അപ്പോഴാണ് പഴയ പ്രീഡിഗ്രി ബോർഡിന്റെ വാശി തീർക്കാൻ കരുണാകരസർക്കാരിന്റെ വരവ്. ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ എഴുതിവച്ചിരിക്കുന്നത് 'യു.ജി.സി. സ്കീമിലെ അപാകതകൾ പരിഹരിക്കുമെന്നാണ്' 'ഹയർസെക്കൻററിബോർഡ് രൂപീകരിച്ചാണ് അപാകതപരിഹരിക്കുന്നതെന്ന് ഇപ്പോൾ മനസിലായി.

# കോളേജ് അധ്യാപകരെ സ്കൂളിലേയ്ക്ക് മാററുന്നു

ലോകത്തെങ്ങും കേട്ടുകേൾവിയില്ലാത്ത, തലതിരിഞ്ഞൊരു പരിഷ്കാരത്തിനാണ് കേരള സർക്കാർ തയ്യാറായിരിക്കുന്നത് —പകുതിയിലധികം കോളേജധ്യാപകരെ സ്കൂളധ്യാപകരായി തരംതാഴ്ത്താൻ നിയമംഎഴുതിയുണ്ടാക്കിയിരിക്കുന്നു! ആത്മാഭിമാനമുളള ആർക്കും ഇതിനെ ചെറുക്കാതിരിക്കാനാവില്ല. അതുകൊണ്ടാണ് ഈ കരിനിയമം ബില്ലായി നിയമസഭയിൽ അവതരിപ്പിച്ച ജൂലൈ 28 ന് എ.കെ പി സി ടി എ — എ കെ ജി സി ടി സംഘടനകൾ പണിമുടക്കാഹ്വാനം നല്കിയത്. ബഹുഭൂരിപക്ഷം അധ്യാപകരും പണിമുടക്കിൽ പങ്കുചേർന്നു. അന്നേ ദിവസം കരിങ്കാലിപ്പണി ചെയ്ത അപൂർവ്വം ചിലരുണ്ട്. അവരെപ്പററി ഞങ്ങൾ ഒന്നും പറയുന്നില്ല.

കോളേജധ്യാപകൻെറ നിലനില്പാണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. 'പ്രീഡിഗ്രി ബോർഡ്''എന്ന പേരിൽ മുമ്പുകൊണ്ടുവന്നതു തന്നെയാണ് ഇപ്പോൾ വേഷംമാറി വന്നിരിക്കുന്നത്. അന്നത്തെ അനുഭവം ഓർമ്മയുളള കരുണാകരസർക്കാർ കുത്തകപ്പത്രങ്ങളെ രംഗത്തിറക്കി നുണ പ്രചാരണം തുടങ്ങിയിട്ടുണ്ട്. ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിൻെറ തലേദിവസം തന്നെ 'മനോരമ' അവരുടെ പണി തുടങ്ങി. ജൂലൈ 27 ന് ആ പത്രത്തിൻെറ പ്രധാനവാർത്തതന്നെ 'ഹയർ സെക്കൻററി ബോർഡിൽ സേവനവ്യവസ്ഥകൾ ഭദ്രം' എന്നാണ്. രാജാവിനെക്കാൾ, എന്തൊരു രാജഭക്തി! വരാൻ പോകുന്ന സമരത്തെ മുൻകൂട്ടി കണ്ട് അതിനെതിരായ പ്രചാരണം തന്ത്രപൂർവ്വം കുറിക്കുകയാണ്. കോളേജുകളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അധ്യാപകരെ തരംതാഴ്ത്തി സ്കൂളധ്യാപകരാക്കുന്നുവെന്ന സത്യം അവർക്ക് മറച്ചുപിടിക്കണം. ഹയർ സെക്കൻററി ബോർഡിൽ പോകുന്നവർ കോളേജധ്യാപകരെന്നല്ല പിന്നീട് അറിയപ്പെടുന്നതെന്ന് എല്ലാവർക്കുമറിയാം. ഇപ്പോൾ ഡിഗ്രി-പ്രീഡിഗ്രി വ്യത്യാസമില്ലാതെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് കോളേജുകളിൽ. ആ അധ്യാപകരെ അവരുടേതല്ലാത്ത കുററത്തിന് സ്കൂളിൽ പറഞ്ഞുവിടുന്നത് എന്തിൻെറ പേരിലായാലും അഭിമാന ബോധമുളളവർ സമ്മതിക്കില്ല. മറെറാരു സർവ്വീസിലും ഇങ്ങനെയൊരു പരിഷ്കാരത്തെപ്പററി ആലോചനപോലും നടന്നിട്ടുണ്ടാവില്ല. അധ്യാപകർക്ക് തിരിച്ചുവരാമെന്നു പറയുന്നത് ആരുവിശ്വസിക്കാനാണ്! ഉളള വേക്കൻസികൾ വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നിടത്ത് തിരിച്ചുവരവു നടക്കുന്നതല്ല. ഹയർ സെക്കൻററി യൂണിവേഴ്സിററിയുടെ ഭാഗമല്ല. അപ്പോൾ അവിടെ പഠിപ്പിക്കുന്ന കാലത്തെ സർവ്വീസ് കോളേജിലെ പ്രൊമോഷന് പരിഗണിക്കുന്ന പ്രശ്നവും ഉണ്ടാകില്ല. എം. ഫിൽ/പി.എച്ച്.ഡി യ്ക്ക് സെലക്ഷൻ കിട്ടികൊണ്ടിരിക്കുന്ന കോളേജധ്യാപകർക്ക് ഹയർ സെക്കൻററിയിൽ ചെല്ലുമ്പോൾ ആ വഴിയും അടയും. ഇത്തരത്തിൽ അധ്യാപക ജീവിതത്തെ തകർത്തെറിയാൻ കൊണ്ടുവരുന്ന ഈ കരിനിയമത്തെ വെളളപൂശാൻ ശ്രമിക്കുന്നവർ ആരായാലും അധ്യാപകർ അവരെ തിരിച്ചറിയുക തന്നെ ചെയ്യും.

ഇന്നു സർവ്വീസിലുളള മൊത്തം അധ്യാപകരേയും സംരക്ഷിച്ചുകൊണ്ടാണ് നായനാർ സർക്കാർ കേരളത്തിൽ യു.ജി. സി. നടപ്പിലാക്കിയത്. പതിനാറുവർഷമായി നിരവധി സമരങ്ങളിലൂടെ അധ്യാപകർ ഉന്നയിച്ചുകൊണ്ടിരുന്ന പ്രധാനപ്പെട്ടൊരാവശ്യം അംഗീകരിക്കുകയാണ് നായനാർ സർക്കാർ ചെയ്തത്. ഡിഗ്രിയ്ക്ക് പഠിപ്പിക്കുന്ന വരും പ്രീഡിഗ്രിയ്ക്ക്പഠിപ്പിക്കുന്നവരും തമ്മിൽ യാതൊരുവേർതിരിവുമില്ലാതെ പഠിപ്പിക്കാനുളള അവസരം ആ സർക്കാർ സൃഷ്ടിച്ചിരുന്നു. ഇന്ന് അധ്യാപകർ ആ നിലയിൽ പഠിപ്പച്ചുവരികയുമാണ്. അപ്പോഴാണ് പഴയ പ്രീഡിഗ്രി ബോർഡിൻെറ വാശി തീർക്കാൻ കരുണാകരസർക്കാരിൻെറ വരവ്. ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ എഴുതിവച്ചിരിക്കുന്നത് 'യു.ജി. സി. സ്കീമിലെ അപാകതകൾ പരിഹരിക്കുമെന്നാണ്' 'ഹയർസെക്കൻററിബോർഡ് രൂപീകരിച്ചാണ് അപാകതപരിഹരിക്കുന്നതെന്ന് ഇപ്പോൾ മനസിലായി.

# ഏകീകൃതസർവ്വകലാശാലാനിയമം ഉപേക്ഷിക്കുക

കേരളത്തിലെ മൂന്നു സർവകലാശാലകളെ ഒരു ഏകീകൃത നിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുദ്ദേശിച്ചുള്ള 'കേരള യൂണിവേഴ്സിററീസ് ബിൽ 1993' ഗവൺമെൻറ് കഴിഞ്ഞ അസംബ്ളിയിൽ അവതരിപ്പിക്കുകയും സെലക്ററ് കമ്മററിയുടെ പരിഗണനയ്ക്കായി അയച്ചിരിക്കുകയുമാണ്. ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നു പാസാക്കിയെടുക്കുന്നതിൻെറ അപകടത്തെ കുറിച്ച് മുൻകൂട്ടി മനസിലാക്കി നാം അതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ നടത്തിയതിൻെറ ഫലമായാണ് ബിൽ സെലക്ട് കമ്മിററിക്കു വിടാൻ സർക്കാർ നിർബന്ധിതമായത്. ഈ ബിൽ ജനാധിപത്യ വിരുദ്ധവും അദ്ധ്യാപക വിരുദ്ധവുമാണെന്ന് ബില്ലിലെ വിവിധ വകുപ്പുകളിലൂടെ ഒന്നു കണ്ണോടിച്ചാൽ കാണാൻ കഴിയുന്നതാണ്. പുതിയ നിയമത്തിൻെറ ലക്ഷ്യങ്ങളും കാരണങ്ങളും പറഞ്ഞിരിക്കുന്നതിൽ ഒട്ടുമിക്കവയും നിലവിലുള്ള നിയമങ്ങളുടേതുതന്നെ. പുതുതായി എഴുതിച്ചേർത്തിരിക്കുന്നത് പരീക്ഷകൾക്ക് പൊതുകലണ്ടർ ഉണ്ടാക്കുമെന്നും പ്രീ-ഡിഗ്രിക്ക് ഒരു ബോർഡ് ഉണ്ടാക്കുമെന്നും ആണ്. പരീക്ഷാ കലണ്ടർ ഉണ്ടാക്കുന്നതിനും പ്രീഡിഗ്രി വേർപ്പെടുത്തുന്നതിനും ഒരു പുതിയ യൂണിവേഴ്സിററി നിയമത്തിൻെറ ആവശ്യമുണ്ടോ?

## ഏകീകൃത നിയമം എന്ന ആശയം കാലത്തിനു ചേരാത്തത്

ഇൻഡ്യയിൽ പത്ത് കേന്ദ്രസർവകലാശാലകളും 195 അഫലിയേററഡ് യൂണിവേഴ്സിററികളും ഉണ്ട്. കേന്ദ്രസർവകലാശാലകൾക്കെല്ലാം പ്രത്യേകം പ്രത്യേകം നിയമമാണുള്ളത് അവയെല്ലാംകൂടി ഏകീകരിക്കുന്നതാനെക്കുറിച്ച് ആലോചിച്ചിട്ടുകൂടിയില്ല. വിവിധ സംസ്ഥാനങ്ങളിലുള്ള 195 യൂണിവേഴ്സിററികളിൽ മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്,

## THE KERALA UNIVERSITIES BILL, 1993

*A*

*BILL*

*to consolidate and amend the laws relating to teaching and affiliating Universities in the State of Kerala*

*Preamble*—Whereas it is expedient to consolidate and amend the existing laws relating to teaching and affiliating Universities in the State so as to enable the Universities to function effectively and to provide more efficient administration and matters connected therewith or incidental thereto.

Be it enacted in the Forty - fourth Year of the Republic of India as follows-

* * * *

## STATEMENT OF OBJECTS AND REASONS

The Government have decided that the existing laws relating to the different teaching and affiliating Universities in the State should suitably be amended so as to enable the Universities to carry out their responsibilities and achieve their objectives more efficiently, to promote a more equitable distribution of facilities for higher education in different areas of the State and to bring about better co-ordination among different Universities in the State. It is also decided that stress should be given to provide efficient administration and financial control with accountability in the field of higher education Government further consider that it should be made obligatory on the part of Univer-

കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഓരോന്നിലും ഏതാനും ചില സർവകലാശാലകളെ മാത്രമാണ് ഏകീകൃതനിയമത്തിൻ കീഴിൽ കൊണ്ടുവന്നിട്ടുള്ളത്. വിദ്യാഭ്യാസ നിലവാരത്തിൽ കേരളത്തെ അപേക്ഷിച്ച് വളരെ പിന്നണിയിൽ നിൽക്കുന്ന ഈ സംസ്ഥാനങ്ങളാണോ നമുക്ക് മാതൃകയാകേണ്ടത്? ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യസാധൂകരണത്തിന് ചുക്കാൻ പിടിക്കേണ്ട യൂണിവേഴ്സിറ്റികൾ ഓരോന്നും പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സംസ്ഥാപിതമായതാണ്. ഓരോ സർവകലാശയും അതാതു പ്രദേശത്തിന്റെ വളർച്ചയിലും വികസന പ്രവർത്തനങ്ങളിലും നേതൃത്വപരമായ പങ്കുവഹിക്കണമെന്നുള്ളത് യൂണിവേഴ്സിറ്റികളുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. അങ്ങനെയുള്ള സർവകലാശാലകളെ എല്ലാംകൂടി ഏകോപിപ്പിക്കുന്നത് പുരോഗമനപരമൊ ഉന്നതവിദ്യാഭ്യാസ രംഗം നന്നാക്കാനുദ്ദേശിച്ചുള്ളതോ അല്ല. ഏകീകൃത നിയമം സർവകലാശാലകളുടെ വ്യക്തിത്വം നശിപ്പിക്കും. കേരളത്തിലെ മൂന്നു സർവകലാശാലകളുടേയും തനിമ നിലനിർത്തുകയും യൂണിവേഴ്സിറ്റി ഭരണത്തിലിന്നുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുകയുമാണുവേണ്ടത്.

## ജനാധിപത്യവും സ്വയംഭരണവും നശിപ്പിക്കുന്നു

ഏകീകൃത നിയമം ജനാധിപത്യ മൂല്യങ്ങൾക്കെല്ലാം എതിരാണ്. ജനാധിപത്യരീതി ഒരസൗകര്യമായിട്ടാണ് ഈ ബില്ലിന്റെ പ്രണേതാക്കൾ കണ്ടിരിക്കുന്നത്. ഫാസിസ്റ്റുചിന്താഗതികൊണ്ടുനടക്കുന്നവർക്കേ ഇങ്ങനെയൊരു സർവകലാശാലാ സംവിധാനം നിർദേശിക്കാൻ കഴിയൂ.

ഇൻഡ്യയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ പരിഷ്കരണ റിപ്പോർട്ടുകളിൽ ഏറ്റവും മെച്ചമെന്നു കരുതുന്ന കോത്താരി കമ്മിഷൻ റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ''മോഡൽ ആക്ട് കമ്മിറ്റി''യുടെ ശുപാർശകൾ പൂർണമായും അംഗീകരിച്ചുകൊണ്ടു തയ്യാറാക്കപ്പെട്ടതാണ് ഇന്ന് നിലവിലിരിക്കുന്ന കേരള കാലിക്കററ് സർവകലാശാലാ നിയമങ്ങൾ. ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം എന്ന തത്വ



sities to follow an academic calendar for the timely conduct of instructions and examinations and publication of results of University examinations. It is considered that through the use of management models suggested by University Grants Commission greater participation to the academic community and autonomy to institutions of higher education can be ensured. It is also felt that a Board for Higer Secondary Education has to be constituted in order to clear the implications arising out of delinking Pre-Degree Course from Universities. It is with these objectives in view, Government have decided to make a new law applicable to all the affiliating Universities in the State repealing the existing laws on the subject.

2. The Bill seeks to achieve the above objects.

* * * *

Chapter IV

AUTHORITIES, BODIES AND COMMITTEES

12. *Authorities of the Universities*.—The following shall be the authorities of a University, namely:-

(a) the Syndicate;

(b) the Academic Council;

(c) the Senate;

(d) the Facultie ;

(e) the Boards of Studies;

(f) the finance and Accounts Committee ; and

(g) such other authorities as may be declared by the Statutes to be authorities of the University.

13 *Syndicate*.—(1) The Syndicate shall be the chief executive authority of a

ത്തിൽ അധിഷ്ഠിതമായിരിക്കണം സർവകലാശാലാ ഭരണസംവിധാനം എന്നതായിരുന്നു ആ നിയമത്തിന്റെ ദർശനം. സർവകലാശാലകളുടെ പരമാധികാരസഭ സെനറ്റ് ആയിരിക്കണമെന്നും അതിൽ 50% പേർ അക്കാദമിക് മേഖലയിൽ നിന്നുള്ളവരായിരിക്കണമെന്നും ശേഷിച്ച 50% രജിസ്റ്റേർഡ് ബിരുദധാരികൾ, ട്രേഡ് യൂണിയൻ പ്രവർത്തകർ, വ്യവസായികൾ, ലോക്കൽ ബോഡിഅംഗങ്ങൾ, വിദ്യാർത്ഥികൾ, നിയമസഭാംഗങ്ങൾ എന്നിവരായിരിക്കണമെന്നും എങ്കിൽമാത്രമേ സെനറ്റ് സമൂഹത്തിന്റെ ശരിയായൊരു പരിച്ഛേദമാകൂ എന്നും കോത്താരിനിർദ്ദേശിച്ചു ഈ പ്രതിനിധികൾ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ യൂണിവേഴ്സിറ്റി നയരൂപീകരണത്തിൽ സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുമെന്നും പ്രസ്തുത റിപ്പോർട്ടിൽ അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. ഈ ശുപാർശകളെ അടിസ്ഥാനപ്പെടുത്തിയാണ് 1969-ലെ കേരളസർവകലാശാലാനിയമം നടപ്പിലാക്കിയത്. എന്നാൽ 1971-ലെ ഗജേന്ദ്രഗാഡ്ക്കർ കമ്മിഷൻ അമിത ജനാധിപത്യ വല്ക്കരണത്തെ എതിർത്തു. പ്രമുഖരായ പല അക്കാഡമിഷ്യൻസും തിരഞ്ഞെടുപ്പിന് വിമുഖരായതിനാൽ അവരുടെ പ്രതിനിധികളെ യൂണിവേഴ്സിറ്റി ഭരണസമിതികളിലേക്ക് നോമിനേറ്റ് ചെയ്യണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. 1974-ൽനിലവിൽ വന്ന 'കേരള യൂണിവേഴ്സിറ്റി നിയമവും' 1975-ൽ നിലവിൽ വന്ന 'കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമവും,' 1969-ൽ രൂപം കൊടുത്ത നിയമത്തിൽ നിന്നും കുറെയൊക്കെ പുറകോട്ടു പോയെങ്കിലും ജനാധിപത്യ സങ്കൽപത്തിന് വലിയ പോറലേൽപ്പിക്കുകയുണ്ടായില്ല.

എന്നാൽ എം ജി സർവ്വകലാശാല നിയമം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇതിനുള്ള കാരണം 1982-ൽ യു.ജി സി. നിയമത്തിൽ വരുത്തിയ ഭേദഗതിയാണ്. ഈ ഭേദഗതിയനുസരിച്ച് 1982-നു ശേഷം നിലവിൽ വരുന്ന സർവ്വകലാശാലകളിലെ സമിതികളുടെ ഘടനയും അധികാരാവകാശങ്ങളും യു.ജി.സി. നിർദ്ദേശമനുസരിച്ചായിരിക്കണമെന്ന വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട് യു.ജി.സി.നിർദ്ദേശം അനുസരിക്കാത്ത സർവ്വകലാശാലകൾക്ക് യു.ജി.സി.യുടെ അംഗീകാരവും ഗ്രാന്റും

University and shall consist of the following members, namely:-

**Ex-officio Members**

(i) The Vice-Chancellor

(ii) the Pro-Vice-Chancellor;

(iii) the Secretary to Government, Higher Education, or an officer not below the rank of joint Secretary to Government nominated by the Government;

(iv) the Secretary to Finance Department or an officer not below the rank of Joint Secretary to Government nominated by the Govenment;

(v) the Director of Collegiate Education or an officer not below the rank of Additional Director; nominated by the Director; and

(vi) the Director of Technical Education or an officer not below the rank of Joint Director nominated by him.

**Nominated Members**

(i) one Dean of the University nominated by the Chancellor;

(ii) four eminent educationists representing women, Socially and Educationally Backward Communities, Scheduled Castes or Scheduled Tribes to be nominated by the Chancellor;

(iii) one registered grduate nominated by the Government from among the registered graduates elected to the Senate;

(iv) one representative of students nominated by the Government from Chair persons of college unions.

**Elected Members**

(i) one member of the State Legislative Assembly elected from among themselves;

(ii) one professor of the University elected by the University teachers;

ലഭിക്കുകയില്ല. അതുപോലെ തന്നെ 1982-നു മുമ്പ് നിലവിൽ വന്ന സർവ്വകലാശാലകൾക്കും സമിതികളുടെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതായാൽ അത് യു.ജി.സി. യുടെ നിർദ്ദേശമനുസരിച്ചായിരക്കണമെന്ന വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റി സമിതികളിൽ തിരഞ്ഞെടുക്കപ്പെടുന്നവർ വേണ്ട എന്നുള്ളതാണ് യു.ജി.സി. യുടെ കാതലായ നിർദ്ദേശം. യു ജി.സി. നിയമഭേദഗതി മൂലമാണ് കേരള-കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമങ്ങളുടെ മാതൃകയിൽ 1985-ൽ പാസ്സാക്കിയ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിന് യു.ജി.സി അംഗീകാരം ലഭിക്കാതിരുന്നത്.

തുടർന്ന് ആ സർവകലാശാല നേരിട്ട സാമ്പത്തിക പ്രതിസന്ധി തരണംചെയ്യുന്നതിനും ബിരുദങ്ങൾക്ക് യു.ജി.സി.യുടേയും മറ്റ് യൂണിവേഴ്സിറ്റികളുടേയും അംഗീകാരം ലഭിക്കുന്നതിനുംവേണ്ടി 1937-ൽ യു.ജി സി. നിർദ്ദേശങ്ങൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടുള്ള നിയമഭേദഗതിപാസ്സാക്കാൻ നിർബന്ധിതമായി.

നിലവിലുള്ള സർവ്വകലാശാലാ സമിതികളുടെ ഘടന ഇപ്രകാരമാണ്.

## സെനറ്റ്

കേരള-കാലിക്കറ്റ് സർവ്വകലാശാലകളിൽ പരമാധികാരസഭയായ സെനറ്റിന്റെ അംഗസംഖ്യ 122/125 ആണ്. ഇതിൽ 71/74 പേർ തിരെഞ്ഞെടുക്കപ്പെടുന്നവരാണ്. ആകെയുള്ളവരിൽ 46 പേർ അദ്ധ്യാപകരും 9 പേർ സർവ്വകലാശാലാ ഉദ്യോഗസ്ഥരും 15 പേർ വിദ്യാർത്ഥികളും സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളെ പ്രതിധാനം ചെയ്യുന്ന 52 പേരും 9 പ്രഗത്ഭരുമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലസെനറ്റിൽ ആകെയുള്ള 134 പേരിൽ 95 പേർ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. ഉദ്യോഗസ്ഥർ 12, അദ്ധ്യാപകർ 44, വിദ്യാർത്ഥികൾ 8, വിവിധമേഖലകളെ പ്രതിനിധാനം ചെയ്യുന്നവർ 59, പ്രഗത്ഭമതികൾ 11 എന്നിവരാണുള്ളത്. ഈ സെനറ്റ് ഉപദേശകസമിതി മാത്രമാണ്.

## സിന്റിക്കേറ്റ്:—

കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ സിന്റിക്കേറ്റിന്റെ അംഗസംഖ്യ 19 ആണ്. ഇ

(iii) one Principal elected by the Principals of Government colleges from among themselves;

iv) one Principal elected by the Principals of private colleges from among themselves;

v) three teachers, other than Deans, University Professors and College Principals, elected by the teachers from among themselves, of whom at least one shall be a teacher of a Government College.

14 *Term of office of the members of the Syndicate*—(1) Syndicate shall be constituted by the Chancellor and shall be reconstituted every four years.

2) The members of the Syndicate, other than *ex-officio* members shall hold office for a term of four years from the date of nomination or election :

Provided that no person nominated or elected in his capacity as a member of a particular body or as a holder of a particular office shall be a member of the Syndicate for a longer period than three months after he has ceased to be such member or holder of such office unless in the meanwhile he again becomes a member of that body or the holder of that office;

Provided further that no person other than *ex-officio* member shall be eligible to hold office for more than two terms in succession.

3) Notwithstanding anything contained in the first proviso to sub-section (2) a member of the Syndicate referred to in item (iii), (iv) and (v) under the heading elected members in section 14 shall not cease to be such member merely on the ground that—

a) he has been transferred to an educational institution within the State,

തിൽ 5 അംഗങ്ങൾ എക്സ്ഓഫീഷ്യോ ആണ്. സെനറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 14 അംഗങ്ങളിൽ അദ്ധ്യാപകർ 6 അദ്ധ്യപകേതർ 6 പട്ടികവർഗ്ഗ / പട്ടികജാതി വിഭാഗത്തിന്റെ ഒരു പ്രതിനിധി, വിദ്യാർത്ഥികളുടെ ഒരു പ്രതിനിധി എന്നിവരായിരിക്കുമെന്നാണ് വ്യവസ്ഥ.

എം.ജി. യൂണിവേഴ്സിറ്റി സിൻറിക്കേറ്റിൽ അംഗസംഖ്യ 15 ആണ്. വി. സി., പിവിസി, 3 സർക്കാർ ഉദ്യോഗസ്ഥർ എന്നിവർഎക്സ് ഒഫീഷ്യോ അംഗങ്ങളാണ്. ബാക്കി നോമിനേറ്റ് അംഗങ്ങൾ. സർക്കാർ നോമിനേറ്റു ചെയ്യുന്ന 2 വിദ്യാഭ്യാസ വിചക്ഷണർ, 2 പ്രിൻസിപ്പൽമാർ, പട്ടികജാതി/പട്ടിക വർഗ്ഗത്തിന്റെ ഒരു പ്രതിനിധി ഉൾപ്പെടെ 3 കോളേജ് അദ്ധ്യാപകർ, ചാൻസലർ നോമിനേറ്റ് ചെയ്യുന്ന 3 ഡീൻസ്.

നിർദ്ദിഷ്ട ഏകീകൃത നിയമത്തിൽ സർവ്വകലാശാലാ സമിതികളുടെ ഘടന താഴെ പറയും പ്രകാരമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

### സെനറ്റ്

നിർദ്ദിഷ്ട നിയമത്തിൽ സെനറ്റ് വെറും ഉപദേശക സമിതിമാത്രമാണ്. സെനറ്റിൽ ആകെയുള്ള അംഗങ്ങളിൽ(105 ഓളം) 2/3 പേരും എക്സ് ഒഫിഷ്യോ അംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെടുന്ന വരുമാണ്. 1/3 അംഗങ്ങൾ മാത്രമേ തിരഞ്ഞെടുക്കപ്പെടുന്നവരായുള്ളൂ. നിലവിലുള്ള സെനറ്റിലേതുപോലെ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകിയിട്ടില്ല.

### സിൻറിക്കേറ്റ്

സിൻറിക്കേറ്റിന് സെനറ്റിനോട് യാതൊരു വിധേയത്വവുമില്ല. സിൻറിക്കേറ്റിനെ സെനറ്റിൽ നിന്നുമല്ല തിരഞ്ഞെടുക്കുന്നത്. ആകെയുള്ള 20 സിൻറിക്കേറ്റംഗങ്ങളിൽ 7 പേർ മാത്രമേ തിരഞ്ഞെടുക്കപ്പെടുന്നവരായുള്ളൂ. ബാക്കി അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും (7) എക്സ്ഓഫീഷ്യോ അംഗങ്ങളും (6) ആയിരിക്കും. നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ചാൻസിലർക്കും ഗവൺമെന്റിനും ആണ്. ഇതുവരെയും സെനറ്റിനുണ്ടായിരുന്ന എല്ലാ അധികാരങ്ങളും സിൻറിക്കേറ്റിനു നല്കിയിരിക്കുന്നു.

situated beyond the territorial limits of the University; or

b) the college of which he is the Principal or in which he is a teacher has been transferred to another University; or

c) in the case of teacher, he has been promoted as principal.

15. *powers and duties of Syndicate* — Subject to the provisions of this Act and the Statutes, the Syndicate shall exercise the following powers and perform the following duties, namely ;

i) to lay down policies and guidelines for all matters of administration and management of a University ;

ii) to admit institutions to the privileges of a University in accordance with the terms and conditions prescribed by the Statutes and the Ordinances.

iii) to affiliate institutions in accordance with the terms and conditions of such affiliation laid down in this Act and the Statutes;

iv) to make Statutes and Ordinances and to amend or repeal the same;

v) to hold, control and administer the properties and funds of a University including investment of money in Government securities or securities guaranteed by the Government;

vi) to provide premises, buildings, furniture, apparatus and other requisites for carraying on the work of the University, and to that end to enter into, carry out and cancel contracts on behalf of the University;

vii) to accept, on behalf of the University, endowments, trusts, bequests donations, and transfer of any movable or immovable property to the University;

viii) to transfer by sale, lease or other wise, any movable property or building on behalf of the University;

ചുരുക്കത്തിൽ സർവ്വകലാശാലാഭരണം പരിപൂർണ്ണമായും നിയന്ത്രിക്കുന്നത് സർക്കാരായിരിക്കും എന്നതിന് സംശയമില്ലല്ലോ.

### അക്കാദമിക് കൗൺസിൽ

അക്കാദമിക് കൗൺസിലിലും ബഹുഭൂരിപക്ഷം അംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും എക്സ് ഓഫീഷോ അംഗങ്ങളുമായിരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അധ്യാപക പ്രാതിനിധ്യം ഈ സമിതിയിൽ നാമമാത്രമായി ചുരുക്കിയിരിക്കുന്നു.

## പ്രോചാൻസിലർ:— വിദ്യാഭ്യാസ മന്ത്രി സർവ്വാധികാരി

നിർദ്ദിഷ്ട ബില്ലിൽ പ്രോ-ചാൻസിലർ (വിദ്യാഭ്യാസമന്ത്രി)ക്ക് അമിതമായ അധികാരം നല്കിയിരിക്കുന്നു. ഇത് യു ജി സി. നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമാണ്. യൂണിവേഴ്സിറ്റിയുടെ ഏതു കാര്യത്തിലും ഇടപെടാനും തീരുമാനമെടുക്കാനും വിദ്യാഭ്യാസ മന്ത്രിക്ക് അധികാരം ഉറപ്പുചെയ്തിട്ടുണ്ട്. വിദ്യാഭ്യാസമന്ത്രി നല്കുന്ന ഏതുനിർദ്ദേശവും പാലിക്കാൻ വൈസ് ചാൻസലർമാരും, സിൻഡിക്കേറ്റും, സെനറ്റും, ഫാക്കൽറ്റികളും ബാധ്യസ്ഥരായിരിക്കും യൂണിവേഴ്സിറ്റിയുടെ ഏത് അതോറിറ്റികളുടെ തീരുമാനത്തെയും റദ്ദാക്കാനോ, മാറ്റി മറിക്കുന്നതിനോ, മന്ത്രിക്ക് അധികാരം ഉണ്ടാകും.

ഉദ്യോഗസ്ഥഭരണത്തിൽ ഉണ്ടാകാവുന്ന ദൂഷ്യഫലങ്ങളെ ഒരു വലിയ അളവുവരെ ഇല്ലായ്മ ചെയ്യുന്നതിനും ഉദ്യോഗസ്ഥ വിഭാഗത്തെ ജനാധിപത്യ വ്യവസ്ഥയിലൂടെ നിയന്ത്രിക്കുന്നതിനും ഉള്ള എല്ലാവ്യവസ്ഥകളും ഈ നിയമത്തിൽ പാടെ നിരാകരിച്ചിരിക്കുന്നു ചുരുക്കത്തിൽ ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം എന്നത് പൂർണ്ണമായും ഇല്ലായ്മ ചെയ്തിരിക്കയാണ്.

### ഹയർസെക്കന്ററി ബോർഡ്:-

കേരള സ്റ്റേറ്റ് ഹയർസെക്കന്ററി ബോർഡ് രൂപീകരിച്ച് പ്രീഡിഗ്രി വിദ്യാഭ്യാസം ഈ ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ നിർദ്ദേശിച്ചിരിക്കുന്നു. 48% കോളേജധ്യാപകരെ (യു.ജി.സി. സ്കീമിൽ പെടാത്ത - എന്നാൽ യു.ജി.സി. സ്കെയിലിന്റെ എല്ലാ ആനുകൂ

ix) to lay down the policy for administering funds at the disposal of the University for specific purposes ;

x) to consider and pass the budget estimates, the annual accounts together with the audit report, and the annual report of the University in accordance with the provisions of the statutes made in that behalf;

xi) to establish centres, departments, colleges, schools, institutions of higher learning, research and specialised studies. halls, hostels and staff quarters as it may from time to time deem necessary;

xii) to makes such provisions, on the recommendation of the Academic Council, as may enable colleges and institutions to undertake specialised studies and, where necessary or desirable, to organise and make provision for common laboratories, libraries, museums and equipments for teaching and research ;

xiii) to recommend to the Chancellor conferment of honorary degrees and other academic distinctions on its own motion or on the recommendation of the Academic Council ;

xiv) to arrange for conferment of degrees in accordance with the Statutes and the Ordinanees ;

xv) to create academic Fellowship honorary or otherwise;

xvi) to arrange in accordance with the rules, for collaboration with other universities industries. institutions and organisations in India or abroad.

(xvii) to create posts of University teachers and technical staff on the recommendation of the Academic Council and with the prior approval of the Government;

(xviii) to create administrative' ministerial and other necessary posts with the prior approval of the Govenmment;

ല്യങ്ങളും ലഭിക്കുന്നവർ) ഈ ബോർഡിന്റെ പരിധിക്കകത്ത് മാററി കോളേജധ്യാപകരല്ലാതാക്കും. ഇങ്ങിനെയുള്ളവരുടെ ലീൻ കോളേജുകളിൽ നിലനിർത്താമെങ്കിലും ഇവർക്ക് കോളേജധ്യാപകരുടെ എല്ലാആനുകൂല്യങ്ങളും ലഭിക്കാനിടയില്ല. 25 വർഷംവരെ സർവ്വീസുള്ള അധ്യാപകർപോലും ബോർഡിലേയ്ക്ക് മാററപ്പെടും. യൂണിവേഴ്സിററി/യു.ജി.സി. നിയമങ്ങൾക്ക് വിധേയമായി നിയമിക്കപ്പെട്ടവരാണ് ഈ അധ്യാപകർ. ഏകീകൃത നിയമത്തിന്റെ മറപററി ഈ അധ്യാപകരെ ബോർഡിലേക്ക് മാററാനാണ് സർക്കാർ ഒരുമ്പെടുന്നത്. സർക്കാർകൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഹയർസെക്കൻററി ബോർഡ് 1986.ൽ നടപ്പാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട പ്രീഡിഗ്രി ബോർഡിന്റെ പുതിയ പതിപ്പാണ്.

## ഹയർ എഡ്യുക്കേഷൻ കൗൺസിൽ

കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൗൺസിലിലെ മുഴുവൻ അംഗങ്ങളും ഗവൺമെൻറ് നോമിനേററ് ചെയ്യുന്നവരാണ്. ഈ കൗൺസിലിന്റെ ചെയർമാൻ ഗവർണ്ണറും വൈസ്ചെയർമാൻ പ്രോചാൻസലറുംആണ്. ഈ സമിതിക്ക് ഉപദേശക സ്വഭാവമാണ് നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും വിദ്യാഭ്യാസമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കുടുന്ന സമിതിയുടെ 'ഉപദേശം' ഉത്തരവാകുമെന്നതിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. സംസ്ഥാനത്തിലെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആസൂത്രണവും വികസനവും പ്രവർത്തനവും ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തുന്ന ഈ കൗൺസിലിൽ അധ്യാപകർക്ക് യാതൊരു പ്രാതിനിധ്യവും നല്കിയിട്ടില്ല എന്നതാണ് ഏററവും വലിയ വിരോധാഭാസം.

## സ്വകാര്യവൽക്കരണം

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിൽ സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ, കമ്മ്യൂണിററി കോളേജുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. സ്കൂൾ മേഖലയിൽ അൺഎയ്ഡഡ് സ്കൂളുകളുടെ ആവിർഭാവ

(xix) to prescribe the procedure for approval of appointment of teachers, officers and other employees in all institutions and private colleges affiliated to the University, terms and conditions of their service and the rules and procedures for their appointment, with the concurrence of the Goverament and in accordance with the norms prescribed by the Government and adopted by the University;

(xx) to fix and regulate the fees and other charges payable by the students to the University;

(xxi) to approve panels of examiners and prescribe the honoraria, remuneration, and fee and travelling and other allowances to such examiners, paper setters and other examination staff, and visiting faculty, and for other services rendered to the University;

(xxii) to prepare and enforce the academic calendar of the University for each academic year;

(xxiii) to consider and approve any perspective plan or other proposals for the academic development of the University;

(xxiv) to consider the feasibility of academic programmes proposed by the Academic Council or by the Senate, take appropriate action thereon and infom to the Academic Council or the Senate, as the case may be, of the action taken on the same;

(xxv) to cause an inqulry to be made in respect of any matter concerning the conduct, working and finances of, and admission of students to Colleges and University departments;

(xxvi) to deligate, any of its powers except the power to make Statutes and Ordinances, to the Vice-Chancellor or such other officer or authority of the University, as it thinks fit;

ത്തോടുകൂടി നിരവധി എയ്ഡ്ഡ്/ഗവൺമെൻറ് സ്കൂളുകൾ പൂട്ടിയിടുന്ന സാഹചര്യം സമീപ ഭാവിയിൽ കോളേജ് മേഖലയിലും സംജാതമാകുകയായിരിക്കും ഇതിൻെറ പരിണിത ഫലം.

## കരിനിയമം വീണ്ടും

ഏതെങ്കിലും കാരണവശാൽ ഒരു ദിവസത്തെ പരീക്ഷാജോലിക്ക് വിസമ്മതിച്ചാൽ മൂന്നു മാസത്തെ ശമ്പളം നഷ്ടപ്പെടുന്ന കിരാത നിയമം ഈ ബില്ലിൽ എഴുതിചേർത്തിട്ടുണ്ട്. ലോകത്തൊരിടത്തും കേട്ടുകേൾവിപോലുമില്ലാത്ത ഒരു നിയമ വ്യവസ്ഥയാണിത്.

□

(xxvii) to formulate policies and guidelines to regulate the residence and discipline of students;

(xxviii) to formulate policies for the proper conduct of examinations;

(xxix) to prepare panels for nomination of members to the Faculties;

(xxx) to arrange for the inspection of colleges and recognised institutions to ensure compliance with the conditons of affiliation or recognition and decide on the continuance of the affiliation or recognition;

(xxxi) to withhold or cancel the result of any candidate at any examination;

(xxxii) to regulate and enforce discipline among the employees in acordance with the Statutes and the Ordinances, and code of conduct prsecribed by it;

xxxiii) to exercise such other powers and perfom such other duties as may be conferred or imposed on it or the Statutes or the Ordinances;

(xxxiv) to exercise all administrative and manegerial powers of the University not otherwise provided for by the Act the Statutes the Ordinances and the Regulations, for the fulfilment of the objects of the University.

16 *Academic Council.*—(1) The Academic Council shall be the principal authority of a University in all academic matters.

(2) The Academic Council shall be constituted by the Chancellor and shall consist of the following members namely:—

### Ex-Officio members

(i) the Vice Chancellor, who shall be the Chairman of the Academic Council;

(ii) the Pro-Vice-Chancellor;

(iii) Deans of all faculties;

(iv) Chairpersons of all Bords of Studies;

(v) the Directors of Public Instructions, Higher Secondary Education Collegiate Education, Technicall Education Medical Education and Vocational Higher Secondary Education.

### Nominated members

(i) five eminent persons representing industry, trade and commerce, banking and agriculture, nominated by the Chancellor;

(ii) five Principals of Arts and Science Colleges to be nominated by the Chancellor by rotation, according to seniority of whom two shall be from Government Colleges;

(iii) two principals of professional Colleges to be nominated by the Chancellor by rotation according to seniority.

(iv) one post-graduate student from each Faculty to be nominated by the Vice-Chancellor on the basis of academic merit:

### Elected member

one teacher from each Faculty to be elected by the teachers of the Faculty from among themselves;

(3) The members of Acadamic council other than ex-officio members shall hold

office for a term of four years from the date of their nomination or election;

Provided that a person who has become a member of a Academic council in the capacity of a post-graduate student, shall cease to hold office on his ceasing to be a post-graduate student'

17. *Powers and duties of the academic council*—Subject to the ptovisions of this Act, the Statutes and the ordinances, the Academic Council shall have the following powers and duties namely:—

(i) to advice the other authorities and bodies on all academic matters ;

ii) to make regulations regarding academic porgrammes;

iii) to prescribe or approve the courses of studies in the institutions maintained by, or affiliated to, or recognised by the University.

(iv) to prescribe the qualifications of tecahers and other professional and technical staff in the University and private colleges in accordance with the guidelines of the University Grants Commission, All India Council for Technical Education and similar statutory bodies;

v) to prescribe the qualifications for admission of students to the various courses of studies and to the examinations and the conditions under which exemptions may be granted,

vi) to approve proposals for instruction and training in different branches of learning ;

vii) to approve proposals for research and advancement and dissemination of knowledge ;

viii) to institute fellowship, scholarships, studentships, medals and prizes as proposed by the Syndicate ;

ix) to make proposals for determining the degrees, diplomas, certificates and other academic distinction to be instituted or awarded by the University;

x) to recognise the degrees, diplomas and certificates awarded by other Universities and post-metric Boards as equivalent to those awarded by the University ;

xi) to arrange for the co-ordination of studies and teaching in affiliated colleges and recognised institutions

xii) to recommend to the Syndicate to make, amend, or repeal Ordinances on issues related to academic matters ;

xiii) to allocate subjects to the Faculties

xiv) to determine norms for appointment of paper-setters, examiners, and others concerned wlth the conduct of examinations;

xv) to appoint committees to review periodically the utility and practicability of existing courses of studies and desirability or necessity of reviewing or modifying those courses;

xvi) to make proposals for the conduct of inter-faculty and area of regional studies, and for common facilities such as instrumentation centres, workshops, hobby centres, and muesums;

xvii) to determine the norms for recognition of any member of the teaching or research staff of the University or affiliated college or recognised institution as a research guide of the University;

xviii) to recommend recognition to institutions of higher learning research or specialised studies, on the basis of the reports of the inspection committees appointed therefor :

xix) to consider the annual report and make suggestions thereon;

xx) to recommend to the Syndicate the

conferment of honorary degrees and other distinctions;

xxi) to delegate to the Vice-Chancellor or the standing committee of the Academic Council any of its powers.

xxii) to exercise such other powers and perform such other duties as may be conferred or imposed on it by this Act, or the Statutes, or the Ordinances.

18) *The Senate*—The Senate shall be constituted by the Chancellor and shall consist of the following members, namely—

**Ex-officio members**

i) the Chancellor ;
ii) the Pro-Chancellor ;
iii) the Vice Chancellor ;
iv) the Pro-Vice-Chancellor ;
v) the Deans of all the Faculties ;

(vi) the Secretary to Government, Higher Education Department or an officer not below the rank of Joint Secretary to Government nominated by the Government;

(vii) the Secretary to Government, Finance Department; or an officer not below the rank of Joint Secretary to Govertment nominated by the Government;

(viii) the Secretary, Plannig Board;

(ix) the Secretary to Government, General Education Department; or an officer not below the rank of JointSecretary to Government nominated by the Government;

(x) the Director of Collegiate Education;

(xi) the Director of MedicalEducation;

(xii) the Director of Technical Education;

(xiii) the Director of Higher Secondary Education;

(xiv) the Director of VocationalHigher Secondary Education;

xv) the Director of public Instruction;

(xvi) the members of the syndicate who are not otherwise members of the senate;

**Nominated Members**

(I) two principals of professional colleges and five principals of non-professional colleges nominated by the Chancellor;

(ii) one representative of Women's Organisation nominated by the Chancellor;

(iii) five eminent persons representing areas of social service, industry, commerce, agriculture and business nominated by the Chancellor;

(iv) three students, one each from posts graduate courses, professional courses and geneaal under-graduate corses, nominated by the Chancellor on the basi of academic merit or special accomplishment of a high order in sports, culture, National Service Scheme, National Cadet Corps;

(v) the Chairman and general secretary of the University Union;

(vi) five representatives of managements of private colleges nominated by the Chancellor by rotation representing the different district in the University area;

(vii) three presons nominated by the Chancellor one each from among the Sheduled Cast, Scheduled Tribes and other weaker sections of people in the State;

(viii) one Headmaster of High School situated within the University area to be nominated by the Chancellor;

**Elected Members**

(i) one University teacher elected by the teachers of the University from among themselves;

(ii) one college teacher elected by the

teachers of colleges of each district or part thereof in the University area from among themselves;

(iii) one registered graduate other than employees of the Univrrsity and affiliated colleges elected from each district or part thereof in the University area from among theselves;

(iv) five Members of the Legislative Assembly of the University area elected by the members of the Legislative Assembly;

(v) one member elected by the members of the local bodies of each district or part thereof in the University area from among themselves:

(vi) two members elected by the non-teaching staff of the University from among themselves;

(vii) two members of the non-teaching staff of affiliated colleges elected from among themselves;

(viii) five members elected by the members of the General Council of the University Union from among themselves;

(ix) two representatives of registered trade unions elected by the presidents of the trade unions in the University area;

**Other Members**

Not more than seven members nominated by the Chancellor representing recognised research institutions, industries, authors, jonrnalists, lawyers, sports and games, lingustic minorities, Anglo Indians and artists.

19 *Reconstitution of the senate*:—(1) The senete shall be re-constituted every four years.

(2) Every member of the senate other than *ex-officio* members shall subject to the povisions of this Act and the statutes hold office until the next reconstitution of the senate:

Provided that no member nominated or elected in his capacity as a member of a particular body or as the holder of a particular office shall hold offce for a longer period than three months after he has ceased to be such member or hold of such office unless in the meanwhile he again becomes a member of that electorate:

Provided further that where an elected or nominated member of the senate is appointed temporarily to any office, by vertue of which he is entitled to be a member of the senate *ex-officio*, he shall, by notice in writing signed by him and communicated to the Vice-chancellor within seven days from the date of his taking charge of his appointment choose whether he will continue to be a member of the senate by virtue of his election or nomination or wether he will vacate office as such member and become a member *ex-officio* by virtue of his appointment and such choice shall be final:

Provided also that the term of office of a member referred to in item (viii) underthe heding elected members in section 18 shall be one year from the date of his election.

*Explanation*:—For the removal of doubt it is hereby clarified that a member referrd to in the proceeding proviso shall nots cease to be such member solely on the ground that he has ceased to be a student within the period of one year specified in that proviso.

(3) Notwithstanding anything contained in the first proviso to sub-section (2) a college teacher elected under item (ii) or a member af the non-teaching staft of an affiliated college under item (vii) under the heading eleeted member in section 18 shall not cease to be a

(ശേഷം 20-ാം പേജിൽ)

ഹൃദയകുമാരി

# ഈ ബിൽ ഉപേക്ഷിക്കുക തന്നെ വേണം

കേരളത്തിലെ മൂന്നു സർവകലാശാലക ളുടെയും കാര്യക്ഷമത വർധിക്കുംവണ്ണം അവയു യുടെ ഭരണസംവിധാനം പരിഷ്ക്കരിക്കാനും, ഏകീകരിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് പു തിയ സർവകലാശാലാ ബിൽ. സിലക്ട് ക മ്മററിക്കു വിട്ടിരിക്കുന്ന ഈ ബിൽ നിയമമാക രുതേയെന്ന് ഈ നാട്ടിലെ വിദ്യാഭ്യാസമുള്ളവ രൊക്കെ പ്രാർഥിക്കേണ്ടിയിരിക്കുന്നു.


കാര്യക്ഷമതയ്ക്കുള്ള ബ്യൂറോക്രാററിക് മാർഗം സാധരണയായി അധികാരകേന്ദ്രീകരണ ണമാണ്. ബ്യൂറോക്രാററുകൾക്കു മാത്രമല്ല രാഷ്ട്രീയക്കാർക്കും അധികാര കേന്ദ്രീകരണം അത്യാകർഷകമാണ്. ഒരു രാജ്യത്തെ പ്രധാന സ്ഥാപനങ്ങളെയെല്ലാം ഒരധികാരകേന്ദ്രത്തി ൻെറ ഉടമയിലും നിയന്ത്രണത്തിലും കൊണ്ടു വന്നാൽ സമർഥനായ ഒരു ഭരണാധികാരിക്ക് അവയെ നല്ല യന്ത്രങ്ങളെപ്പോലെ പ്രവർത്തിപ്പി ക്കാൻ കഴിയും. ഒതുക്കവും ഇറുക്കവും ഉണ്ടാ യിരിക്കുന്നതും, കമ്പികളിൽക്കൂടി വൈദ്യുതി യെന്നപോലെ, ക്രമീകൃതമായ ഒരു സംവിധാ നത്തിൽക്കൂടി ഭരണത്തിൻെറ ഊർജം പ്രവഹി ക്കുന്നതുമായ ഒരു സിസ്ററം ഭരണാധികാരി യുടെ മനോഹരമായ സ്വപ്നമാണ്. പക്ഷേ, യൂണിവേഴ്സിററിയുടെ സ്വാതന്ത്ര്യത്തെ, സർ ഗാത്മകതയെ, ആത്മാവിനെ, കെടുത്തിക്കള ഞ്ഞുകൊണ്ടാകേണ്ട, ഈ സ്വപ്നസാക്ഷാൽക്കാ രം.

അക്കാദമിക് ആട്ടോണമിയും, ഭരണപരമാ യകാര്യക്ഷമതയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബില്ലുവരുന്നുവെന്ന കേട്ടപ്പോൾ അല്പമൊരു പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ ബില്ലു വാ യിച്ചപ്പോൾ വ്യസനമാണ് തോന്നിയത്, ഭയ വും, ചിലന്തിവലപോലെ ഒരു നിയമാവലി. വലയിഴകൾ പൊട്ടിപ്പോകുന്നവയല്ല. നേർത്ത ഉരുക്കുകമ്പികളാണ്. വലയുടെ നടുക്ക് ഒരു രോ നേരിയ സ്പന്ദനവും അറിഞ്ഞുകൊണ്ട് വലയിൽ കുടിങ്ങിയവരാരും ഇനി പറക്കാൻ പോകുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ട്, സർവ ത്തേയും ചൊൽപ്പടിക്ക് നിർത്തികൊണ്ട്, ഒരു ഗ്രൂപി വിരാജിക്കുന്നു-പ്രോചാൻസലറെന്ന വിദ്യാഭ്യാസമന്ത്രി. അദ്ദേഹത്തിന് യൂണി വേഴ്സിററിൽനിന്ന് ഏതു വിവരവും ആവ ശ്യപ്പെടാൻ ഏതു റിക്കാർഡും തൻെറ മുൻപിൽ ഹാജരാക്കാൻ ഉത്തരവിടാൻ അധികാരമുണ്ട്. മാത്രമല്ല യൂണിവേഴ്സിററിയുടെ ഏതെ ങ്കിലും നടപടി-അത് ഭരണപരമോ,. അധ്യാ പനം, ഗവേഷണം, പരീക്ഷ തുടങ്ങിയ അക്കാദ മിക് വിഷയങ്ങളെ സംബന്ധിക്കുന്നതോ ആ കാം-അദ്ദേഹത്തിന് തൃപ്തികരമല്ലെങ്കിൽ, ചാൻസിലറുടെ സമ്മതത്തോടെ, ആവശ്യമെന്നു തോന്നുന്ന നിർദ്ദേശങ്ങൾ യൂണിവേഴ്സിററി ക്കു നൽകാൻ ഈ ബില്ല് അധികാരംനൽകുന്നു. വൈസ് ചാൻസിലറു,മറെറല്ലായൂണിവേഴ്സി ററി ഉദ്യോഗസ്ഥരും, അക്കാദമിക് കമ്മിററി കൾ തുടങ്ങിയവയും അദ്ദേഹത്തെ അനുസരി ക്കാൻ ബാധ്യസ്ഥരാണ്, ആദ്യമായാണ് അ ക്കാദമിക് കാര്യങ്ങളിൽ ഇങ്ങനെ ധൈര്യമായി സർക്കാർ കടന്നുകയറുന്നത്.

*   *   *   *

## അടിയന്തരാവസ്ഥയുടെ ഓർമ

പുതിയ യൂണിവേഴ്സിററി ബില്ലിൻെറ അറുപത്തിയാറും, ഏഴും പുറങ്ങളിൽ യൂണി വേഴ്സിററിയുടെ ഉത്തരവുകളേയും, ഈ നി യമത്തിൻെറ പരിധിയിൽവരുന്നകാര്യങ്ങളേയും സിവിൽകോടതികളുടെ അധികാരപരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഏകദേശം ഇങ്ങ നെയൊരു വകുപ്പ് പഴയ നിയമത്തിലുണ്ട്. ഭ രണഘടനയുടെ അതിർത്തികൾക്കുള്ളിൽ ഏതെ രു നിയമത്തിനും ലഭിക്കുന്ന സംരക്ഷണത്തിന നപ്പുറം സ്പെഷ്യൽ പ്രൊട്ടെക്ഷൻെറ ആവ ശ്യം മനസ്സിലാകുന്നില്ല. അടിയന്തരാവസ്ഥ



## വി. കെ. ഗോപിയ്ക്ക് ഡോക്ടറേറ്റ്

നാട്ടിക എസ്. എൻ. കോളേജ് കോമേഴ്സ് വിഭാഗം അധ്യാപകൻ വി. കെ. ഗോപിയ്ക്ക് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു.

എ കെ പി സി ടി എ യുടെ സജീവപ്രവർത്തകനാണ് ശ്രീ. ഗോപി.

# പ്രവർത്തകക്യാമ്പ് പീച്ചിയിൽ

എ കെ പി സി ടി എ പ്രവർത്തകർക്കായിട്ടുള്ള ഈ വർഷത്തെ ക്യാമ്പ് പീച്ചിയിലാണ് നടത്തുന്നത്. എല്ലാ ബ്രാഞ്ചിൽ നിന്നും പ്രവർത്തകർ പങ്കെടുക്കണം. ഒക്ടോബർ 23, 24 തീയതികളിലാണ് ക്യാമ്പ്.

ക്കാലത്ത്. 'not withstanding any consideration of natural justice' എന്ന പ്രസ്താവനയോടെ നടപ്പിലാക്കിയിരുന്ന ചില നിയമങ്ങൾ ഇവിടെ ഓർമ്മിച്ചുപോകുന്നു.

പുതിയ ബില്ല് പഴയതിനേക്കാൾ വിപുലവും, വിശദവും, വ്യക്തവുമാണ്. പ്രോ-വൈസ് ചാൻസലറുടെ അധികാരങ്ങൾ വ്യക്തമാക്കുക തുടങ്ങി പണ്ടില്ലാതിരുന്ന പലതും ഇതിൽ വെടിപ്പായി ചെയ്തിട്ടുണ്ട്. പക്ഷേ, ഒന്നു ചോദിക്കട്ടെ, ഇതുകൊണ്ട് ഉന്നത വിദ്യാഭ്യാസം നന്നാവുമെന്ന് ഇതുണ്ടാക്കിയവർ കരുതുന്നുണ്ടോ? ഒരൊറ്റ അക്കാദമിക് പ്രശ്നമെങ്കിലും പരിഹരിക്കാൻ ഇതിൽ വല്ല വഴിയും കണ്ടിട്ടുണ്ടോ? ഉദ്യോഗസ്ഥന്മാർക്ക് അമിത പ്രാധാന്യം, വിദ്യാഭ്യാസ മന്ത്രിക്ക് സാർവഭൗമത്വം, ഒരു സർക്കാരാഫീസിന്റെ അപ്രസന്നവും നിർജീവവുമായ പ്രവർത്തനശൈലി ഇതൊക്കെ മാത്രമേ ഈ പുതിയ സംവിധാനത്തിന് സംഭാവന ചെയ്യാൻ കഴിയുകയുള്ളു.

ഈ ബില്ല് പരിഷ്ക്കരിക്കേണ്ട കാര്യമില്ല ഉപേക്ഷിക്കുകയാണ് വേണ്ടത്, കോഠാരി മുതൽ മാൽകം ആദിശേഷയ്യവരെയുള്ള കമ്മിഷനുകൾ വേണ്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അതു വല്ലതും നടപ്പിലാക്കിയാൽ വരും തലമുറകൾ ഈ സർക്കാരിനോട് കൃതജ്ഞതയുള്ളവരായിരിക്കും.

ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ, യൂണിവേഴ്സിറ്റി ഒരു സർക്കാർ വകുപ്പല്ല. ചെറിയ യൂണിവേഴ്സിറ്റികൾ, അവയ്ക്ക് ധാരാളം പ്രവർത്തന സ്വാതന്ത്ര്യം, അവയുടെ തലപ്പത്ത് ബൗദ്ധികശ്രേഷ്ഠിയുള്ളവർ—ഇവയാണ് നമുക്കാവശ്യം. സ്വന്തം നിയമങ്ങളുണ്ടാക്കാൻ സാർവകലാശാലകളേയും കോളേജുകളേയും അനുവദിക്കുക. സർക്കാർ അവയ്ക്ക് താങ്ങായി നിൽക്കണം, അവയെ ഒരുമുശയിൽ വാർത്തെടുക്കാനോ, തലയും കാലും വെട്ടി അളവു ശരിപ്പെടുത്താനോ ദയവുചെയ്ത് ഒരുങ്ങരുത്. ഡമോക്രസി/ഡമോക്രാറ്റിക് സ്ഥാപനങ്ങളിൽക്കൂടി നിലനിനിൽക്കുന്നു സ്ഥാപനങ്ങളെ വളർത്തുക—തളർത്തരുത്.

(മാതൃഭൂമി)

member of the Senate merely on the ground.--

(a) that he has deen transferred to an educational institution within the state situated beyond the territiorial limit of the University ; or

(b) that the college in wich he is teacher or a member of the non-teching staff has been transferred to another University; or

(c) in the case of a teacher that he has been promoted as principal·

(4) On failure of a member to make the choice under the second proviso to subsection (2) he shall be deemed to have vacated his office as an elected or nomeinated member-

20 *Powers and Functions of Senate:*—(1) The senate shall be a consultative and deliberative body meant for social audit, providing societal check and feedback on current programmes activities and management and giving feed forward and general guidance on policy changes and formulations.

(2) The Senate shall review from time the broad policies andprogrammes of the University and suggest measures for the proper functioning devolopment and improvement of the University and shall also receive and examine annual reports, accounts and audit reports of the Univesity·

(3) Subject to the provisions of this Act and the Statute, the senate shall have the following power and functions, namly: —

(i) to review current acadamic programes and collaboration programmes;

(ii) to suggest new acadamic programmes consistent with societalrequirements in higher education;

(iii) to suggest measures for improvement and development of the University;

(iv) to suggest institution of new degrees, deplomas certificates and other academic distinctions;

(v) to recommend to the Syndicate. conferment of deg ees or other academic distinctions;

(4) The senate shall examine and discuss the Budget, the annual reports and the annual Accounts and Audit Reports of the University and furnish its views to the Syndicate.

(5) The senate shall also perform such other powers and functionf as are specified in this Act and the Statutes and the ordinances.

## Chapter VII
## GOVERMENT AND UNIVERSITY

41; Kerala State Council of Higher Education—(1) The Government may, by notification in the Gazette, establish a State Couneil called the Kerala State Council for Higher Education.

(2) The State Council shall consist of the following members, namely:—

(a) the Chancellor, who shall be the Chairman of the Council;

(b) the Pro-Chancellor, who shall be the Vice-Chairman of the council;

(c) the Secretary toGovernment, Higher Education, who shall be the Secretary of the Council;

(d) the Secretary to Government Finance Department;

(e) the Vice-Chancellors of the Universities;

(f) the Pro-Vice-Chancellors of the Universities:

(g) one Registrar, by rotation, nominated by the Government for four years;

(h) the Director of Collegiate Education;

(i) the Director of Medical Education;

(j) the Dirctor of Technical Education;

(k) three eminent educationists nominated by the Government for a period of four years; and

(l) a representative each of the Syndicates of the Universities;

(3) The functions of the State Council shall be to advise the Government and the Universities on such matters as may be prescribed by rules made by the Goverment or as may be referred to the State Council by the Government, or the Universities and to co-ordinate the planning, development and operation of the higher education system in the State.

★ ★ ★ ★

*101. Duty of teachers, etc. in connection with University examinations*:—(I) It shall be the duty of a teacher or a member of the non-teaching staff of an affiliated college or an officer, teacher or other employee of the Uniuersity to do any work in connection with an examination conducted by the University which he is required by the competent officer or authority of the University to do so.

2) If any teacher or member of the non-teaching staff of affiliated college, or any officer, teacher or other employee of the University refuses without sufficient cause to the satisfaction of,—

(a) in the case of a teacher or a member of the non-teaching staff of an affiliated college, an officer not below the rank of Deputy Director of Collegiate Education authorised by the Government in this behalf and

(b) in the case of an officer, teacher or other employee of the University, the Vice-Chaneellor, to do any work in connection with an examination conducted by the University when required to do by the competent officer or authority of the University, he shall, without prejudice to any other action that may be taken against him, forfeit his pay and allowance for a period of three months commencing on the date of commencement of the examination.

*Explanation* :—Failure to comply with the requisiton of the competent officer or authority of the University shall be deemed to be refusal for the purposes of this sub-section; and

3) An order of forfeiture under sub-section (2) shall be made.—

a) in the case of a teacher or a member of the non-teaching staff of an affiliated college by the officer authorised under clause (a) of the said sub-section; and

(b) in the case of an officer, teacher or other employee of the Uuiversity, by the Vice-chancellor.

4) No order of forfeiture shall be made under sub-section (3) without giving the person who may be affected thereby an oppertunity of being heard.

5) Any person aggrieved by an order referred to in sub-section (4) may, within sixty days from the date on which a copy of such order is served on him, appeal to the Appellate Tribunal, and the Appellate Tribunal may, after giving the parties an opportunity of being, heard and after such further inquiry as may be necessary, pass such order thereon as it deems fit.

## The Pro-Chancellor and his powers –

11. *The-Pro-Chancellor and his powers*.— (1) The Minister for the time being administering the subject of Higher Education in the State shall he the Pro-Chancellor of all the Universities.

2) In the absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the functions of the Chancellor.

3) The Pro-Chancellor may call for information and records relating to any affair of the University and the University shall furnish such information and records.

4) Notwithstanding anything contained in this Act or the statutes, if at any time, the Pro Chancellor is of the opinion that the affairs of a University are not managed in furtherance of the objects of the University or in accordance with the provisions of this Act and the Statutes, Ordinances or Regulations, or that special measures are desirable to maintain the standards of University teaching, examinations, research or extension education, or that any action taken by a University or its authorities or officers is prejudicial to the interest of the University, he may with the concurrence of the Chancellor, issue such directions as appear to him to be necessary, and the Vice-Chancellor, authorities, bodies, committees and officers concerned shall comply with such directions.

## 'ഐക്യം' പൊളിഞ്ഞു

കോളേജധ്യാപകരെ കബളിപ്പിക്കാൻ കെട്ടിപ്പൊക്കിയിരുന്ന 'ഐക്യവേദി' പൊളിഞ്ഞു താഴെ വീണു. ഏകീകൃത സർവ്വകലാശാലാനിയമത്തെ തുടരെത്തുടരെ സ്വാഗതം ചെയ്തുകൊണ്ടിരിക്കയായിരിന്നു 'ഐക്യവേദി'. ഇനിയും സ്വാഗതം ചെയ്താൽ അധ്യാപകർ കഴുത്തിനുപിടിക്കുമെന്ന അവസ്ഥയാണ്. കേരള യൂണിവേഴ്സിററി സിൻഡിക്കേററിൽ കോളേജധ്യാപകസ്ഥലംമാററ നിയമത്തെ ഒററ വോട്ടിന് തോല്പിച്ച കെ പി സി ടി യു നടപടിയും വേദിപൊളിയാൻ കാരണമായി. ഈ സംഘത്തെ പുറംതള്ളി വേദി നിലനിർത്താൻ നടത്തിയ ശ്രമവും പരാജയപ്പെട്ടു. ഒടുവിൽ തല്ലിപ്പിരിഞ്ഞ് ഏകീകൃത നിയമത്തിലെ 'അപാകത' മാററണമെന്ന ആവശ്യവുമായി ജി.സി.ടി.ഒ. മാത്രമായൊരു ധർണ പ്രഖ്യപിച്ചിരിക്കയാണ്. മററുള്ളവരെല്ലാം പതിവിൻപടി പത്ര പ്രസ്താവനകളുമായി അണിനിരന്നിട്ടുണ്ട്. ഐക്യം പൊളിഞ്ഞെങ്കിലും ഒരുകാര്യത്തിൽ ഇപ്പോഴും അവർ ഒന്നാണ്: കരിങ്കാലിപ്പപ്പണിയിൽ.

ഡോ. എൻ. എ. കരീം

# സ്വയംഭരണാവകാശത്തിൻെറ ശവപ്പെട്ടിമേൽ അവസാനത്തെ ആണി

ജൂലായ് ഇരുപത്തെട്ടാം തീയതി ബഹു. വിദ്യാഭ്യാസ മന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ച 1993-ലെ കേരള സർവകലാശാലകാം ബിൽ വായിച്ചാൽ ഉടൻ വ്യക്തമാകുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്ന്, മറിച്ചെന്തുതന്നെ പ്രഖ്യാപിച്ചാലും ഈ ഗവൺമെൻറ് സർവകശാലകളുടെ സ്വയംഭരണാധികാരം എന്ന തത്വത്തിൽ വിശ്വസിക്കുന്നില്ല. രണ്ട്, സർവകലാശാല ഭരണത്തിൽ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെ പൂർണമായി അംഗീകരിക്കുന്നില്ല. കേരളത്തിലെ മൂന്ന് അഫിലിയേററിങ്ങ് സർവകലാശാലകളുടെ ഇന്നുള്ള ഘടനാപരമായ സംവിധാനത്തിൽ പുതിയ ബിൽ വിഭാവനം ചെയ്യുന്ന മാററങ്ങളുടെ നിയാമശാക്തി ഈ രണ്ടു നിലപാടുകളാണ്. അതുകൊണ്ട് അവിടെനിന്ന് തുടങ്ങേണ്ടിയിരിക്കുന്നു ബില്ലിനെപ്പററിയുള്ള വിചിന്തനം.

ആദ്യമായി സർവകലാശാലകളുടെ സ്വയംഭരണാധികാരംതന്നെ എടുക്കാം. പരമ്പരാഗതമായ ഈ ആശയം ഇന്നും ഒര 'വിശുദ്ധഗോമാതാവാ'ണ്. അതിനെതിരായി എന്തെങ്കിലും ഉരിയാടാൻ ആരും ധൈര്യപ്പെടുകയില്ല. മധ്യകാലഘട്ടത്തിലെ പള്ളിമേധാവിത്വത്തിൽനിന്ന് സർവകലാശാലാ പണ്ഡിതന്മാരുടേയും ചിന്തകന്മാരുടേയും സ്വതന്ത്രമായ സത്യാന്വേഷണയത്നങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഒരാശയമായിട്ടാണ് ഈ സങ്കല്പം ഉരുത്തിരിഞ്ഞുവന്നത്. സർവകലാശാലകളുടെ സ്വയംഭരണാധികാരം ഏറെക്കുറെ സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ആധുനിക കാലഘട്ടത്തിൽതന്നെ പാശ്ചാത്യ രാജ്യങ്ങളിലെ പ്രസിദ്ധങ്ങളായ ചില സർവകലാശാലകാംപോലും സ്വതന്ത്ര ചിന്തകന്മാരായ ബുദ്ധിജീവികളെ പീഡിപ്പിക്കുകയുണ്ടായിട്ടുണ്ട്. നമ്മുടെ ഈ നൂററാണ്ടിൽ പ്രസിദ്ധ തത്വചിന്തകനായ ബർട്രാൻറ്റസ്സലിന് ഒർമേരിക്കൻ സർവകലാശാലയിലുണ്ടായ കയ്പേറിയ അനുഭവം അദ്ദേഹം തൻെറ Why I am not a Christian ('എന്തുകൊണ്ട് ഞാനൊരു ക്രിസ്ത്യാനിയല്ല' എന്ന പുസ്തകത്തിൽ) സഹജമായ നിസ്സംഗതയോടുകൂടി സത്യസന്ധമായി വിവരിച്ചിരുക്കുന്നു. അതുകൊണ്ട് സർവകലാശാലകളുടെ സ്വയംഭരണാധികാരമെന്ന ആശയത്തിന് ഇന്നും പ്രസക്തിയുണ്ട്.

എന്നാൽ നമ്മുടെ സർവകലാശാലകളുടെ സ്വയംഭരണാധികാരം വളരെയധികം വാർന്നുപോയിരിക്കുന്നു. ഇന്ത്യൻ സർവകലാശകാംക്ക് ഇന്നുള്ളതിനേക്കാം കൂടുതൽ സ്വയംഭരണാധികാരം സ്വാതന്ത്ര്യത്തിന് മുമ്പുണ്ടായിരുന്നുവെന്നാണ് ഏകദേശം രണ്ടു പതിററാണ്ടുകാലം ബോംബെ സർവകലാശാലയുടെരജിസ്ട്രാറും പിന്നീട് മാറാത്ത്വാഡാ സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലുമായിരുന്ന ഡി ആർ ഡോങ്കർകെറി 'ഇന്ത്യൻ സർവകലാശാലയുടെ സ്വയംഭരണാധികാരം' (Autonomy in Indian Universitis) എന്ന തൻെറ പുസ്തകത്തിൽ സമർഥിച്ചിരിക്കുന്നത്. അറുപതുകളുടെ അവസാനത്തിലാണ് അദ്ദേഹം ആ പുസ്തകംമെഴുതിയതെന്ന് ഓർക്കണം. അതിനുശേഷമാണ് സ്വയംഭരണാധികാരത്തിൽ കൂടുതൽ ശോഷണമുണ്ടായിട്ടുള്ളത്. ഇന്നിപ്പോം സർവകലാശാലാ സ്വയംഭരണത്തിൻെറ ശവപ്പെട്ടിയിന്മേൽ അവസാനത്തെ ആണിയും അടിച്ചു തുടങ്ങിയിരിക്കുന്നു. അതിനു തെളിവാണ് ഈ ബിൽ.

## രാഷ്ട്രീയ പിരിമുറുകും

എന്നാൽ നമ്മുടെ സർവകലാശാലകളിലെ ഇന്നത്തെ പ്രശ്നങ്ങളും പ്രതിസന്ധിയുമെല്ലാം സ്വയംഭരണാവകാശം ഇല്ലാത്തതുകൊണ്ടുണ്ടാകുന്നതാണോ? സർവകലാശാലകളുടെമേൽ വർധിച്ചുവരുന്ന രാഷ്ട്രീയ-സാമൂഹ്യമായ സമ്മർദമാണ് ഇന്നത്തെ പ്രതിസന്ധിക്ക് ഒരു പ്രധാന കാരണം. സ്വാതന്ത്ര്യത്തിനു മുൻമ്പ് സർവകലാശാലകളുടെമേൽ ഈ സമ്മർദമുണ്ടാ

യിരുന്നില്ല അതോടൊപ്പം പ്രൊഫഷണലിസത്തിന്റെ അഭാവവും ഉയർന്ന അക്കാദമിക് നിലവാരം പുലർത്തുന്നതിനുള്ള പ്രതിബദ്ധത ഇല്ലായ്മയും ഭരണരംഗത്ത് നാട്ടിൽ പൊതുവെ വളർന്നുവരുന്ന അച്ചടക്കരാഹിത്യവും കാര്യക്ഷമതക്കുറവുംമൂലം നമ്മുടെ സർവകലാശാലകൾ ജീർണിക്കുവാൻ തുടങ്ങിയിരുന്നു. സർക്കാർ, അർധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ പലതിനേയും ഈ പൊതുജീർണത ബാധിച്ചിട്ടുണ്ട്. എന്നാൽ സർവകലാശാലകളുടെ പരിതസ്ഥിതിയിലുണ്ടായിട്ടുള്ള ഇന്നത്തെ ജീർണത മാററാൻ പുതിയ നിയമനിർമാണത്തിന് കഴിയുമെന്നുതോന്നുന്നില്ല. സർവകലാശാലാ ഭരണം കാര്യക്ഷമമാക്കുകയാണല്ലോ പുതിയ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. മറിച്ച് ആദ്യം സൂചിപ്പിച്ച രാഷ്ട്രീയ പിടിമുറുകുകയും സർവകലാശാലകളുടെ അവശേഷിക്കുന്ന ആത്മാവു നഷ്ടപ്പെടുകയും ചെയ്യും.

ഇത്തരം ഒരേകീകൃത നിയമത്തിന് ഇപ്പോൾ യാതൊരു ന്യായീകരണവുമില്ല സർവകലാശാലാ ഭരണസങ്കല്പത്തിനെതിരാണ്. മൂന്നു സർവകലാശാലകൾക്ക് കർക്കശമായ ഒരു പൊതു നിയമചട്ടക്കൂട്. അതുകൊണ്ടായിരിക്കണം ബില്ലിന്റെ ആമുഖത്തിൽ, 'Where as it is expedient to Consolidate and amend..' എന്നു പറഞ്ഞുതുടങ്ങുന്നത്. ചീത്ത അർത്ഥധ്വനിയുള്ള ഒരു വാക്കാണ് 'expedient'. 'തത്വത്തിനു വിരുദ്ധമെങ്കിലും സൗകര്യമായത്'' എന്നാണ് ആ വാക്കിന്റെ നിഘണ്ടു അർഥം. സൗകര്യം പരിഗണിച്ചു തത്വത്തെ ബലികഴിച്ചിരിക്കുകയാണ് ഈ നിയമത്തിൽ എന്ന് പ്രീ ആംബിളിൽ തുറന്നു സമ്മതിച്ചിരിക്കുന്നു. രാഷ്ട്രീയത്തിലും തത്വങ്ങൾക്കല്ലല്ലോ പ്രധാനം സൗകര്യമാണ് കാര്യം. ഏതായാലും ഈ ബിൽ ഇന്നത്തെ രൂപത്തിൽ നിയമമായിക്കഴിഞ്ഞാൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം പാടെ മാറുമെന്നുള്ളത് തീർച്ചയാണ്. ആ മാററമാകട്ടെ ഗുണത്തിനായിരിക്കുമെന്ന് കരുതുവാനും വഴിയില്ല.

## സെനററ് ഡിബേററിങ്ങ് സൊസൈററിയാവും

സർവകലാശാല സംവിധാനത്തിന്റെ 'പിരമിഡ്'' ഘടനാപരമായി തലതിരിച്ചുവയ്ക്കുന്ന ഒരു നിയമനിർമാണമാണിത്. നിലവിലുള്ള നിയമമനുസരിച്ച് സർവകലാശാലയുടെ വിപുലമായ പ്രാതിനിധ്യ സ്വഭാവമുള്ള പരമാധികാര സമിതിയായ സെനററിനെ ഒരു ഡിബേററിങ്ങ് സൊസൈററിയായി തരംതാഴ്ത്തായിരിക്കുന്നു. ഭരണപരമായ എല്ലാ അധികാരങ്ങളും സർക്കാറിന് നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ സംസ്ഥാന ഗവർണറിൽ നിക്ഷിപ്തമാക്കിയിരിക്കയാണ്. എക്സ് ഒഫീഷ്യോ മെമ്പർമാർക്കും നോമിനേററഡ് മെമ്പർമാർക്കുംകൂടി ഭദ്രമായ ഭൂരിപക്ഷമുള്ള ഒരു ഇരുപതംഗ സിൻഡിക്കേററാണ് പുതിയ സംവിധാനത്തിൽ ഭരണത്തിന്റെ അച്ചുതണ്ട്. സെനററും അക്കാദമിക് കൗൺസിലും ഫാക്കൽററിയും വൈസ്ചാൻസലറുമെല്ലാം ആ അച്ചുതണ്ടിന്മേലാണ് തിരിയുന്നത്. ആറ് സർക്കാരുദ്യോഗസ്ഥന്മാർ; ഏഴ് നോമിനേററഡ് അംഗങ്ങൾ ഇരുപതുപേരിൽ ഏഴുപേർ മാത്രമാണ് തെരഞ്ഞെടുക്കപ്പെടുന്നവർ. വിദ്യാർഥി പ്രതിനിധിപോലും നോമിനേററ് ചെയ്യപ്പെടുന്ന ആളാണ്. പരമാധികാര ഭരണസമിതിയായ സിൻഡിക്കേററിലേക്ക് കോളേജ് യൂണിയൻ ചെയർമാൻമാരിൽ നിന്ന് ഒരാളെ നോമിനേററ് ചെയ്യുമ്പോൾ സർവകലാശാല യൂണിയൻ ചെയർമാന്റെ സ്ഥാനം ഡീവാല്യുചെയ്യപ്പെട്ടിരിക്കുന്ന സെനററിലാണ്. ഈനിയമ കുസൃതി സർവകലാശാലാ യൂണിയനുകളെ പ്രതികാരബുദ്ധിയോടുകൂടി താഴ്ത്തികെട്ടാനുള്ള ഒരു ശ്രമമാണെന്ന് ആരെങ്കിലും പറഞ്ഞാൽ അത് പാടെ നിഷേധിക്കുവാൻ കഴിയുകയില്ല. സർക്കാരും സർവകലാശാലകളും തമ്മിൽ അടുത്ത കാലത്തായി ഇടയ്ക്കിടെ ഉണ്ടാകാറുണ്ടായിരുന്ന ഉരസൽ ഇനി ഉണ്ടാവുകയില്ലെന്ന് ന്യായമായും ഉറപ്പിക്കാം.

ജനാധിപത്യത്തിന്റെ പേരിൽ ആണയിടുന്ന ഇന്നത്തെ ഭരണാധികാരികൾക്ക് തെരഞ്ഞെടുപ്പ് എന്ന് പറയുമ്പോൾ പലപ്പോഴും സംശയവും ഭീതിയുമാണ്. തിരഞ്ഞെടുപ്പിൽക്കൂടി കയറിവരുന്നവർ നല്ലവരല്ല എന്ന അഭിപ്രായമാണ് തിരഞ്ഞെടുപ്പ് നാമമാത്രമായി ചുരുക്കിയതിന്റെ പ്രഖ്യാപിതമായ ന്യായീകരണം. തീർച്ചയായും. ജനാധിപത്യത്തിന് ന്യൂനതകളുണ്ട്. എന്നാൽ ആ ന്യൂനതകൾ ഇല്ലാതാക്കുവാനുള്ള ഏകമാർഗം കൂടുതൽ ജനാധിപത്യം നൽകുകയെന്നുള്ളതാണ്. അല്ലാതെ തങ്ങളുടെ തി

മിരബാധിതമായ കണ്ണുകൾക്ക് അസുഖകരമായ ജനാധിപത്യത്തിന്റെ ലൈറ്റുകൾ ഓരോന്നോരോന്നായി സ്വിച്ച് ഓഫ് ചെയ്യുകയല്ലേ വേണ്ടത്. ജനാധിപത്യത്തിന്റെ വെള്ളിവെളിച്ചത്തിനു പകരം അതിന്റെ അരണ്ട പ്രകാശത്തിൽ പ്രവർത്തിക്കുവാനാണ് നമ്മുടെ ഇന്നത്തെ ഭരണാധികാരികൾക്കിഷ്ടം. പല വിളക്കുകളും അണച്ചുകഴിഞ്ഞു. ഇതാ ഇപ്പോൾ ഉന്നത വിദ്യാഭ്യാസത്തിന്റെ രംഗത്തും അത് അണയാൻ പോവുകയാണ്. ഏകദേശം രണ്ടു പതിറ്റാണ്ടു മുമ്പ് ജനാധിപത്യത്തിന്റെ എല്ലാ വിളക്കുകളും ഒറ്റയടിക്കു കുറച്ചുകാലത്തേക്കെങ്കിലും കെടുത്തുകയുണ്ടായല്ലോ. ഒരു ജനാധിപത്യ സമൂഹത്തിൽ എല്ലാ ജീവിത വ്യാപാര രംഗങ്ങളിലും പൂർണ്ണമായ ജനായത്ത സമ്പ്രദായമുണ്ടെങ്കിൽ മാത്രമേ ജനാധിപത്യ സമൂഹം എന്ന സങ്കൽപം അർത്ഥപൂർണ്ണമാവുകയുള്ളൂ. രാഷ്ട്രീയ പാർട്ടികളിലും സഹകരണ സംഘങ്ങളിലും ട്രേഡ്‌യൂണിയനുകളിലും സർവകലാശാലകളിലുമെല്ലാം ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള തുറന്ന പ്രവർത്തനത്തിലൂടെ മാത്രമേ ആരോഗ്യപൂർണമായ ഒരു ജനകീയ സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയൂ.

## വർണ്ണക്കടലാസ് തോരണങ്ങൾ

ആ നിലയ്ക്കു നോക്കുകയാണെങ്കിൽ പുതിയ ഏകീകൃത സർവകലാശാലാബിൽ ഒരു തിരിച്ചു പോക്കാണ്. നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഒരു വലിയ ശാപം അതിന്റെ അമിതമായ ബ്യൂറോക്രറ്റൈസേഷനാണ്. പഴയ കൊളോണിയൽ ഭരണത്തിന്റെ അവശിഷ്ടമായിരുന്നു അത്. അതിൽനിന്ന് വിദ്യാഭ്യാസത്തെ ക്രമാനുഗതമായി മോചിപ്പിക്കുന്നതിനു പകരം ബ്യൂറോക്രസിയുടേയും രാഷ്ട്രീയ മേധാവിത്വത്തിന്റെയും കൂട്ടായ നീരാളിപ്പിടുത്തത്തിന് സർവകലാശാലാ വിദ്യാഭ്യാസത്തെ വിനാശകരമായി വിട്ടുകൊടുക്കുകയാണ് പുതിയ നിയമം ചെയ്യുന്നത്. സംസ്ഥാന ഗവർണർകൂടിയായ ചാൻസലറിലാണ് അധികാരം മുഴുവൻ തത്വത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്നതെങ്കിലും അതിന്റെ പ്രയോക്താവ് വിദ്യാഭ്യാസ മന്ത്രിയായ പ്രോ. ചാൻസലറാണ്. വൈസ് ചാൻസ്‌ലർ, പ്രോ. വൈസ് ചാൻസലർ, സെനറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ വെറും അലങ്കാരത്തിനു വേണ്ടിയുള്ള കാറ്റിലിളകുന്ന വർണക്കടലാസ് തോരണങ്ങളും.

സെനറ്റിലും സിൻഡിക്കേറ്റിലും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥി പ്രതിനിധികൾക്ക് സ്ഥാനം നൽകി ഇന്ത്യയ്ക്ക് മാതൃക കാണിച്ചത് കേരള സർവ്വകലാശാലയാണ്. അതേപ്പറ്റി നാം അടുത്തകാലംവരെ ഊറ്റംകൊള്ളുകയും ചെയ്തിരുന്നു. നമ്മുടെ മുതിർന്നവരേക്കാൾ അന്തസോടും ഉത്തരവാദിത്ത ബോധത്തോടും കൂടി അവർ ആ സമിതികളിൽ പ്രവർത്തിക്കുന്നത് അടുത്തുനിന്ന് നോക്കിക്കാണുവാൻ എനിക്കവസരമുണ്ടായിട്ടുണ്ട്. പിന്നീട് നമ്മുടെ സർവകലാശാലകളുടെ പരിസ്ഥിതി പൊതുവെ ജീർണ്ണിച്ചപ്പോൾ ആ ജീർണ്ണത അവരിലും പ്രതിഫലിച്ചുവെന്നുമാത്രം.

പൊതുജീവിതത്തിൽ ഇന്ന് വ്യാപകമായിട്ടുള്ള അച്ചടക്കരാഹിത്യത്തിൽനിന്ന് വിദ്യാർത്ഥികൾമാത്രം വിമുക്തരായിരിക്കണമെന്ന് കരുതുന്നത് യാഥാർഥ്യ ബോധമില്ലായ്മയാണ്. സ്വഭാവരൂപീകരണത്തിന്റെ നിർണായക ദശയിലുള്ള യുവാക്കളെയായിരിക്കും സമൂഹത്തിലെ നല്ലതും ചീത്തയുമായ പ്രവണതകൾ ആഴത്തിൽ സ്വാധീനിക്കുക.

ഈ പുതിയ നിയമത്തിന്റെ ആദ്യത്തെ 'കാഷ്വാൽട്ടി' വൈസ് ചാൻസലർ പദവിയാണ്. സർവകലാശാലകളുടെ സ്വയംഭരണാധികാരം ചോർന്നുപോകുന്നതോടുകൂടി കാലത്തിന്റെ പരിവേഷമുണ്ടായിരുന്ന ആ ഉന്നത പദവിക്കു ഗണ്യമായ മൂല്യശോഷണം സംഭവിക്കുന്നുണ്ടായിരുന്നു. എങ്കിലും നമ്മുടെ വിദ്യാഭ്യാസ-സംസ്ക്കാരിക ജീവിതത്തിന്റെ പ്രതീകമായി നിലനിന്നിരുന്ന ആ വിളറിയ വൈസ് ചാൻസലറും മരിക്കുകയാണ്. ഇനി ഒരു വലിയ സാംസ്ക്കാരിക ചടങ്ങ് ഉദ്ഘാടനം ചെയ്യുന്നതിനോ ഒരു സെമിനാറിൽ വിഷയം അവതരിപ്പിച്ചു പ്രസംഗിക്കുന്നതിനോ രാഷ്ട്രീയക്കാരെത്തന്നെ പൂർണമായും ആശ്രയിക്കേണ്ടിയിരിക്കുന്നു. സെക്രട്ടറിയേറ്റിൽ നിന്ന് ആവശ്യപ്പെടുന്നതിനനുസരിച്ച് ഫയലും പേറി അവിടേയ്ക്കു പോകുന്ന വൈസ് ചാൻസലറെ സങ്കൽപിക്കാൻ ബുദ്ധിമുട്ടുണ്ട്. പ്രോവൈസ് ചാൻസലറാണെങ്കിൽ പരീക്ഷാ നടത്തിപ്പ് എന്ന ക്ലേശകരമായ ജോലിയുടെ കുരുക്കിൽ വീഴും. ചുരുക്കത്തിൽ സർവകലാശാലാ വിദ്യാ

ഭ്യാസം സർക്കാരിൻെറ മററൊരു വകുപ്പു മാത്രമായി മാറുകയാണ്. ഇന്നിപ്പോൾ കേരള സർവകലാശാലാ കെട്ടിടത്തിൻെറ ക്ലോക്ക് ടവറിൽ അർഥപൂർണമായി ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള സർവകലാശാലയുടെ മുദ്രകൂടി മാററുകയേവേണ്ടു. താമരയും താളിയോലക്കെട്ടും ആദർശവാക്യവുമുള്ള മനോഹരമായ ആ മുദ്രയ്ക്ക് പകരം സർക്കാരിൻെറ ആനയും ശംഖുമുദ്രയും അപ്പോൾ കൂടുതൽ ഇണങ്ങും.

നമ്മുടെ സർവകലാശാലകളുടെ ഘടനയിലും ഭരണസംവിധാനത്തിലും വലിയൊരു അഴിച്ചുപണി ആവശ്യമായ സന്ദർഭത്തിലാണ് ഈ പുതിയ നിയമം വരുന്നത്. എന്നാൽ അതാകട്ടെ ശരിയായ ദിശയിലേയ്ക്കുള്ള മാററത്തിന് വഴിതെളിയിക്കുന്ന ഒരു നിയമമല്ലെന്നുള്ളതാണ് ഖേദകരം. ബില്ലിലെ എല്ലാം മോശമാണെന്നല്ല ഇപ്പറഞ്ഞതിനർഥം. ഉദാഹരണമായി 'പ്ലസ് ടു' ഘട്ടത്തെ സർവകലാശാലയിൽ നിന്ന് അടർത്തിമാററുന്നത് സ്വാഗതാർഹമായ ഒരു പരിഷ്ക്കാരമാണ്. എന്നാൽ അക്കാദമിക് സമൂഹത്തെ അപ്രധാനമാക്കി ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ടിന് ഭരണത്തിൽ നിർണായകമായ ആധിപത്യം നൽകുന്ന പുതിയ സമീപനം മൗലികമായി അപകടകരമാണ്. നിർദിഷ്ടമായ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ അധികാരങ്ങൾ ഈ മൂന്നു സർവകലാശാലകളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ പിന്നേയും പരിമിതപ്പെടുത്തും.

## മുമ്പൊരിക്കൽ

ഇതുപോലുള്ള ഒരു സാഹചര്യം1951-ൽ ഇന്ത്യയിൽ ഉണ്ടായി. അക്കൊല്ലം കേന്ദ്ര വിദ്യാഭ്യാസ മന്ത്രികാര്യാലയം യൂണിവേഴ്സിററി (റെഗുലേഷൻ ഓഫ് സ്ററാൻഡേർഡ്സ്) ബിൽ എന്ന പേരിൽ ഒരുബിൽ പാർലമെൻറിൽ അവതരിപ്പിച്ചു. സർവകലാശാലകളുടെ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കുവാൻ ഏതാനും വൈസ് ചാൻസലർമാരും മററു ചിലരുമടങ്ങുന്ന ഒരു കേന്ദ്ര കൗൺസിൽ രൂപീകരിക്കയായിരുന്നു ബില്ലിൻെറ ഉദ്ദേശ്യം. സർവകലാശാലകൾ ഈ കൗൺസിൽ രൂപീകരണത്തെ ശക്തമായെതിർത്തു. സർവകലാശാലകളുടെ സ്വയംഭരണാധികാരത്തെ പരിമിതപ്പെടുത്തുന്ന ഈ കൗൺസിലിനെ 1952 സെപ്ററംബർ മാസത്തിൽ മദ്രാസിൽ ചേർന്ന വൈസ് ചാൻസലർമാരുടെ സമ്മേളനം നിശിതമായിവിമർശിക്കുകയും കൗൺസിൽ തങ്ങൾക്ക് സ്വീകാര്യമല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ഭരണഘടനാപരമായ ഒരു ഉത്തരവാദിത്വം നിറവേററുവാനാണ് കൗൺസിൽ രൂപീകരണത്തിന് ഗവൺമെൻറ് ശ്രമിച്ചത്. സർവകലാശാലകളടക്കമുള്ള വിദ്യാഭ്യാസം സ്റേറററുകളുടെ കാര്യമാണെന്നാണ് കൺസ്ററിട്യുവൻറ് അസംബ്ലി തീരുമാനിച്ചതെങ്കിലും ഉന്നത-പ്രഫഷണൽ വിദ്യാഭ്യാസങ്ങൾ ഏകീകരിക്കുന്നതിനും അവയുടെ നിലവാരം നിജപ്പെടുത്തുന്നതിനുമുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാക്കി. വിദ്യാഭ്യാസം കൺകറൻറ് വിഷയമായിരിക്കണമെന്നായിരുന്നു രാധാകൃഷ്ണൻ **സർവകലാശാലാ) കമ്മിഷൻെറ ശുപാർശ. പക്ഷെ, ഭരണഘടനാ നിർമാണസഭ** മറിച്ചാണ് തീരുമാനിച്ചത്. ഈ ഭരണഘടനാ വ്യവസ്ഥയനുസരിച്ചാണ് കൗൺസിൽ രൂപീകരിക്കാൻ കേന്ദ്രം തീരുമാനിച്ചതെങ്കിലും സർവകലാശാലകളുടെ എതിർപ്പിൻെറ മുമ്പിൽ ഗവൺമെൻറ് പിൻവാങ്ങി. പിന്നീട് 1953-ൽ വൈസ് ചാൻസലർമാരുടേയും സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടേയും സംയുക്ത സമ്മേളനം വിളിച്ചു കൂട്ടിയാണ് കൗൺസിലിനു പകരമായി യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചത്. 1953-ലെ വൈസ് ചാൻസലർമാരല്ല 1993 ലേത് തങ്ങളുടെ സ്വയംഭരണാധികാരത്തിൻമേലുള്ള സർക്കാറിൻെറ കയ്യേററം ചെറുത്തു തോൽപിക്കുവാനുള്ള മനക്കരുത്തും നിശ്ചയ ദാർഢ്യവും ഇപ്പോഴത്തെ വൈസ് ചാൻസലർ സമൂഹത്തിനില്ല.

1993.ലെ കേരള സർവകലാശാലകൾ ബിൽ ഒരു 24 അംഗ കമ്മിററിക്കു വിട്ടിരിക്കയാണല്ലോ. കമ്മിററി ബില്ലിലെ വ്യവസ്ഥകളിൽ കുറെ ഭേദഗതികൾ വരുത്തിയാലും അതിൻെറ മൗലികമായ ഘടന നിലനിൽക്കുകതന്നെ ചെയ്യും. ആ ഘടനയാകട്ടെ സ്വയം ഭരണാവകാശത്തെ നിഷേധിക്കുന്നതും ജനാധിപത്യത്തിൻെറ പങ്ക് നാമമാത്രമായി വെട്ടിച്ചുരുക്കുന്നതും എല്ലാകാര്യങ്ങളിലും സർക്കാരിന് നിർണായകമായ അധികാരം നൽകുന്നതും ഗവൺമെൻറിൻെറ ഇംഗിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുവാൻ ഏതെങ്കിലും ഭരണ സമിതിയ്ക്കോ വൈസ് ചാൻസലറടക്കമുള്ള അധികാര കേന്ദ്രങ്ങൾക്കോ കഴിയാത്തവിധം ദൃഢബദ്ധവുമാണ്. ഈ നിയമമനുസരിച്ച് പത്തുകൊല്ലം ഭരണം നടന്നു കഴിയുമ്പോൾ ഇന്നത്തെ സർവകലാശാലാ സമ്പ്രദായം ഒരോർമ മാത്രമായി ത്തീരും.

( മാതൃഭൂമി, ആഗസ്റ്റ്

ബി. രാജീവൻ

# പുത്തൻ വിദ്യാഭ്യാസനയവും സ: ഇ.എം.എസിൻെറ വിശകലനവും

ഇഎംഎസ്സിൻെറ 'നമ്മുടെ വിദ്യാഭ്യാസ രീതി ഇന്നലെ, ഇന്ന്, നാളെ' എന്ന ലേഖനം(ജേർണൽ ജൂൺലക്കം) ആസ്പദമാക്കി ഒരു ചർച്ച ആരംഭിക്കുന്നു.

സാമ്പത്തികവും, രാഷ്ട്രീയവും സാംസ്കാരികവുമായ മററെല്ലാമേഖലകളിലുമെന്നപോലെ അവയോടു ബന്ധപ്പെട്ട വിദ്യാഭ്യാസത്തിൻെറ രംഗത്തും ഇന്ത്യാക്കാരായ നാം ഒരു വമ്പിച്ച പ്രതിസന്ധിയെ നേരിടുകയാണിന്ന്. ഈ പ്രതിസന്ധി വിദ്യാഭ്യാസ രംഗത്ത് പുതിയൊരു കാഴ്ചപ്പാടും കർമ്മപരിപാടിയും കൂടിയേ കഴിയൂ എന്ന ഒരു സ്ഥിതിയിൽ നമ്മെ കൊണ്ടെത്തിക്കുകയും ചെയ്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കൺവെൻഷനിൽ സ: ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയ്ത പ്രസംഗം പല കാരണങ്ങളാം കൊണ്ടും വളരെ പ്രസക്തമായ ഒന്നാണ്.

ഇതിനു മുമ്പും ഇന്ത്യൻ ഭരണവർഗം തുടർന്നു വന്ന വിദ്യാഭ്യാസ നയത്തെക്കുറിച്ച് പല വിമർശനങ്ങളും ഇടതുപക്ഷ പുരോഗമന ചിന്താഗതിക്കാരുടെ ഭാഗത്തുനിന്ന് ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ഇവിടെ നടപ്പാക്കാൻ ശ്രമിക്കുന്ന 'പുത്തൻ വിദ്യാഭ്യാസനയ'ത്തെ ക്കുറിച്ച് പഴയ രീതിയിലുള്ള വിമർശനം മതിയാവില്ലാ എന്നു വന്നിരിക്കുന്നു. കാരണം വമ്പിച്ച പ്രത്യാഘാതങ്ങളോടെ ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'പുത്തൻ വിദ്യാഭ്യാസനയം' സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യൻ ഭരണവർഗം തുടർന്നുവന്ന വിദ്യാഭ്യാസ നയത്തിൻെറ തുടർച്ചയല്ല. ഡോ: രാധാകൃഷ്ണനും ഡോ: ലക്ഷ്മണസ്വാമിമുതലിയാരും ഡോ:കോഠാരിയും അവതരിപ്പിച്ച റിപ്പോർട്ടുകളിൽ 'വാർധാ അടിസ്ഥാന വിദ്യാഭ്യാസപദ്ധതി' യെ പുതിയ സാഹചര്യങ്ങളോടു പൊരുത്തപ്പെടുത്താനും വികസിപ്പിക്കാനുമുള്ള ശ്രമങ്ങളാം നമുക്ക് കണ്ടെത്താൻ കഴിയും. എന്നാൽ 'പുത്തൻ വിദ്യാഭ്യാസ നയം' മററു പല രംഗങ്ങളിലുമെന്നപോലെ ഗാന്ധിയുടെയും നെഹ്റുവിൻെറയും ആദർശങ്ങളിൽ നിന്നുള്ള തികഞ്ഞ വ്യതിചലനം തന്നെയാണ്.

പുത്തൻ സാമ്പത്തികനയത്തിൻെറ പിൻബലമുള്ളതാണ് പുത്തൻ വിദ്യാഭ്യാസ നയം. ഇന്ത്യയിലെ പുത്തൻ സാമ്പത്തികനയമാകട്ടെ പാശ്ചാത്യമുതലാളിത്തം സൃഷ്ടിക്കാൻ ശ്രമിക്കുന്ന 'നവലോകക്രമ'ത്തിൻെറ ഭാഗമാണുതാനും, ഇതിനർത്ഥം മററുപല മണ്ഡലങ്ങളിലുമെന്നപോലെ ഘടനാപരമായ നവീകരണത്തിൻെറ പേരിൽ വിദ്യാഭ്യാസരംഗത്തും നമ്മുടെ ദേശീയവും ജനകീയവുമായ താൽപ്പര്യങ്ങളെ തീർത്തും തിരസ്കരിക്കുന്ന ഒരു പുതിയ കൊളോണിയൽ വിദ്യാഭ്യാസനയം ഇവിടെ വീണ്ടും അരങ്ങേറിയിരിക്കുന്നു എന്നാണ്. അതിൻെറ തിക്ത ഫലങ്ങളാം ഒന്നൊന്നായി നാം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. (അതിലൊന്നുമാത്രമാണ് ഇപ്പോൾ നാം നേരിടുന്ന ഏകീകൃത സർവകലാശാലാ (കരിനിയമം.)

ഇതാണ് വിദ്യാഭ്യാസരംഗത്തു നാം ഇന്നു നേരിടുന്ന പ്രതിസന്ധിയുടെ ചുരുക്കം. ഈ പുതിയ സാഹചര്യത്തെ നേരിടാൻ സ: ഇ. എം, എസ്., പഴയ കൊളോണിയൽ വിദ്യാഭ്യാസനയത്തിൻെറയും ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെയും ഗുണദോഷങ്ങളെക്കുറിച്ചു നടത്തുന്ന സൂക്ഷ്മ നിരീക്ഷണങ്ങളാം നമ്മെ വളരെയധികം സഹായിക്കുന്നവയാണ്.

നമ്മുടെ ദേശീയ വിദ്യാഭ്യാസനയത്തിൻെറ നല്ലവശങ്ങളെ മുഴുവൻ നവീകരണത്തിൻെറ പേരിൽ തള്ളിക്കളയുന്നതാണല്ലോ' പുത്തൻ

വിദ്യാഭ്യാസ നയം'. വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ബാധ്യതകളിൽനിന്ന് ഗവൺമെന്റിനെ കഴിയുന്നത്ര മുക്തമാക്കുക, അത്യാധുനിക വൈദേശിക ശാസ്ത്ര-സാങ്കേതിക വിദ്യകൾക്കു കീഴിൽ പ്രവർത്തിക്കാൻ കഴിയുന്ന പുതിയൊരു വെള്ളക്കോളർ വിഭാഗത്തെ വികസിപ്പിച്ചെടുക്കുക, എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന പുത്തൻ വിദ്യാഭ്യാസ നയത്തിന്റെ ചീത്ത വശങ്ങളെ നേരിടാൻ നമ്മുടെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനാദർശനങ്ങളെ പിൻതുടരുന്ന ഒരു പുതിയ സമീപനത്തിനു മാത്രമേ കഴിയൂ. ഇത്തരമൊരു പുതിയ സമീപനമാണ് സഖാവ് ഇ. എം. എസിന്റെ നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്നത്.

സ: ഇ. എം. എസ്. അവതരിപ്പിക്കുന്ന ഭാവിവിദ്യാഭ്യാസ രേഖയ്ക്കുള്ള നിർദ്ദേശങ്ങൾ ഒരർത്ഥത്തിൽ 1937-ൽ മഹാത്മാഗാന്ധി ഹരിജൻ വാരികയിൽ ആരംഭിച്ച വിദ്യാഭ്യാസ ചർച്ചയുടെ തുടർച്ചയാണ്. അതുകൊണ്ടുതന്നെ ഡോ: സക്കീർഹുസൈൻ കമ്മിറ്റി റിപ്പോർട്ടു മുതൽക്കുള്ള കമ്മീഷൻ റിപ്പോർട്ടുകളുടെ നല്ല വശങ്ങളെ അതു പിൻതുടരുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ദേശീയ താൽപ്പര്യങ്ങൾക്കു വിരുദ്ധമായ 'പുത്തൻ വിദ്യാഭ്യാസ നയത്തെ പുതിയ സാഹചര്യത്തിനനുസൃതമായി എങ്ങനെ നവീകരിക്കാൻ കഴിയും എന്നതിനുള്ള മാർഗരേഖകളാണ് സ: ഇ. എം എസ് അവതരിപ്പിക്കുന്ന നിർദ്ദേശങ്ങൾ.

ഇവിടെ പറഞ്ഞത് സ: ഇ. എം എസിന്റെ നിർദ്ദേശങ്ങളുടെ ഒരു വശം മാത്രമാണ്. അവയ്ക്ക് വളരെ പ്രസക്തമായ മറ്റൊരുവശം കൂടിയുണ്ട്. 'പുത്തൻ വിദ്യാഭ്യാസ നയം' പ്രയോഗത്തിൽ ഒരു പുത്തൻകൊളോണിയൽവിദ്യാഭ്യാസനയമായാണ് നാം അനുഭവിക്കുന്നതെങ്കിലും മാറിവന്ന ലോകസാഹചര്യത്തോടു പ്രതികരിക്കാനും പൊരുത്തപ്പെടാനുമുള്ള ഒരു ശ്രമം അതിൽ അടങ്ങിയിട്ടുണ്ട്.

ഒരർത്ഥത്തിൽ നമ്മുടെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പരാജയത്തിൽ നിന്നാണ് അതിലടങ്ങിയിരിക്കുന്ന ദേശീയതാൽപ്പര്യങ്ങളെത്തന്നെ തള്ളിക്കളഞ്ഞുകൊണ്ട് പുത്തൻ വിദ്യാഭ്യാസ നയം ഉയർന്നുവന്നിരിക്കുന്നത്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലും മാനവിക ശാസ്ത്രങ്ങളുടെ രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ മുന്നേറ്റങ്ങളെ നമ്മുടെ ദേശീയ താൽപ്പര്യത്തിനനുസൃതമായി ഉൾക്കൊള്ളുന്നതിലും വികസിപ്പിക്കുന്നതിലും നമ്മുടെ ദേശീയ വിദ്യാഭ്യാസപദ്ധതി അമ്പേ പരാജയപ്പെട്ടു. ദേശീയ വിദ്യാഭ്യാസത്തിനു നേരിട്ട ഈ പരാജയത്തെ സ: ഇ.എം എസ്. എടുത്തു കാണിക്കുന്നതു നോക്കുക. ദേശീയ വിദ്യാഭ്യാസ രീതിയുടെ "പ്രധാന ദോഷമാകട്ടെ, കായികാദ്ധ്വാനത്തിനു യുവതീയുവാക്കളെ തയ്യാറാക്കുന്നതിന്റെ രൂപം ഗാന്ധിയൻ മാതൃകയിലുള്ള ചർക്കയും ഗ്രാമോദ്യോഗങ്ങളും മാത്രം പഠിപ്പിക്കുക എന്നതായി തീർന്നുവെന്നതാണ്. വ്യാവസായികമായും കാർഷികമായും അനുസ്യൂതം നവീകരിക്കപ്പെടുന്ന ഒരു പുതിയ സമൂഹത്തിലെ പൗരൻമാരായി വളരാൻ ആ വിദ്യാഭ്യാസ രീതി വിദ്യാർത്ഥികളെ സഹായിച്ചില്ല."

ഈ പരാജയത്തിൽനിന്നു കരകയറാനുള്ള ശ്രമമെന്ന നിലയിലാണ് പുത്തൻ വിദ്യാഭ്യാസ നയം ഇന്നാവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഈ പുത്തൻ വിദ്യാഭ്യാസ നയത്തിന് നവീകരണത്തിന്റെയും പുനഃസംഘടനയുടെയും പേരിൽ നമ്മുടെ ദേശീയ താൽപ്പര്യങ്ങളെ ബലികൊടുക്കേണ്ടി വന്നിരിക്കുന്നു. ഇതാണ് ഇന്നു നമ്മുടെ വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രതിസന്ധിയുടെ മർമ്മം.

ഇവിടെ, പഴയ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസ പ്രതിസന്ധിക്ക് രണ്ടു പരിഹാരമാർഗങ്ങളേ കാണാൻ കഴിയൂ. ഒന്ന് പുത്തൻ വിദ്യാഭ്യാസ നയത്തെ എതിർത്തുകൊണ്ട് പഴയ ഗാന്ധിയൻ സമീപനത്തെ ദേശീയ താൽപ്പര്യത്തിനുവേണ്ടി ഉയർത്തിപ്പിടിക്കുക. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളുടെയും പരിസ്ഥിതിയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രശ്നങ്ങളെ സംബന്ധിച്ച് ഇതിനു സമാനമായ വീക്ഷണങ്ങൾ ആഗോളതലത്തിൽതന്നെ ഉയർന്നുവന്നിട്ടുണ്ട്. പൗലോഫ്രെയർ, ഇവാൻ ഇല്ലിച്ച്, എവെറെറ്റ്റീമർ, ജോൺഹോൾട്ട് തുടങ്ങിയ വിദ്യാഭ്യാസ ചിന്തകർ മുന്നോട്ടുവയ്ക്കുന്ന പാഠശാലാതിരസ്കാര (de-schoolling)സിദ്ധാന്തങ്ങളിലെല്ലാം ആധുനിക ലോകത്തിന്റെ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടു മുന്നോട്ടു പോകുന്നതിനുപകരം അവയിൽനിന്നു പിൻതിരിഞ്ഞു പോകുന്നതിനുള്ള പ്രവണതയ്ക്കാണ് പ്രാമുഖ്യം. ചുരുക്കത്തിൽ പഴയ ഗാന്ധിയൻ വി

ദ്യാഭ്യാസം മാറിവരുന്ന ലോകത്തെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല എന്നതാണ് വസ്തുത. രണ്ടാമത്തെ മാർഗം ഇതിനു നേർവിപരീതമാണ്. നവീകരണത്തിൻെറയും ആധുനികവൽക്കരണത്തിൻെറയും പേരിൽ സമൂലവും ഘടനാപരവുമായ പുനഃസംഘടനയുടെ മാർഗമാണത്. പുരോഗതിയുടെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ നിശ്ചയമായും ഇതൊരു നല്ല കാര്യം തന്നെ. എന്നാൽ സാമ്പത്തികവും രാഷ്ട്രീയവുമായി ഇനിയും പൂർണ്ണ സ്വാതന്ത്ര്യം നേടിയിട്ടില്ലാത്ത ദരിദ്ര-ആശ്രിത രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ നവീകരണശ്രമങ്ങൾ എപ്പോഴും വൈദേശികാധിപത്യത്തിൻെറ വ്യവസ്ഥകൾക്കു മുന്നിലുള്ള പരോക്ഷമായ കീഴടങ്ങലായി പരിണമിക്കുന്നു എന്നതാണു യാഥാർത്ഥ്യം. ഒരു വശത്ത് വിദ്യാഭ്യാസത്തിൻെറ സാമ്പത്തിക ബാദ്ധ്യതകളിൽ നിന്നു ഗവൺമെൻറിനെ കഴിയുന്നത്ര മുക്തമാക്കാൻ ശ്രമിക്കുകയും, മറുവശത്ത് അത്യാധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾക്ക് ഊന്നൽകൊടുക്കുകയും ചെയ്യുന്ന നമ്മുടെ 'പുത്തൻ വിദ്യാഭ്യാസനയ'ത്തിനും ഫലത്തിൽ സംഭവിക്കുന്നതിതാണ്.

ഇത്തരത്തിൽ, ദേശീയ-മാനവിക മൂല്യങ്ങളുടെ സംരക്ഷണത്തിനും വികാസത്തിനും വേണ്ടി മാറിവന്ന ലോകത്തിൻെറ ഗുണപരമായ അന്തരങ്ങളെ കാണാതിരിക്കുന്ന കാൽപ്പനിക സമീപനത്തിൻെറയും, നവലോകക്രമത്തോടു തോളുരുമ്മി നിൽക്കാനുള്ള വെമ്പലിൽ ദേശീയ-ജനകീയ താത്പര്യങ്ങളെ പാടെ തിരസ്കരിക്കുന്ന പുത്തൻ (സാമ്പത്തിക-വിദ്യാഭ്യാസ)നയത്തിൻെറയും പരിമിതികളെ മറികടക്കുന്ന മറെറാരു കാഴ്ചപ്പാടും കർമ്മപരിപാടിയുമാണ് ഇന്നു നമ്മുടെ വിദ്യാഭ്യാസമേഖലയെ പ്രതിസന്ധി മുക്തമാക്കുന്നതിനാവശ്യം. ഈ വിധം, ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങളെ അടിയറവയ്ക്കാതെതന്നെ മാറിവന്ന ലോകക്രമത്തിനു ചേർന്ന ഒരു വിദ്യാഭ്യാസ പദ്ധതിക്ക് എങ്ങനെ രൂപംകൊടുക്കാം എന്ന പ്രശ്നത്തിനാണ് സ: ഇ എം എസ്. തൻെറ പ്രസംഗത്തിൽ ഉത്തരംകൊടുക്കാൻ ശ്രമിക്കുന്നത്. മറെറാരുതരത്തിൽ പറഞ്ഞാൽ ഇന്ന് അധീശ വർഗത്തിൻെറ നിയന്ത്രണത്തിൽ അവരുടെ താൽപ്പര്യത്തിനനുസൃതമായി വികസിക്കുന്ന നവലോകത്തേയും അതിൻെറ പ്രത്യയശാസ്ത്ര രൂപങ്ങളെയും ജനകോടികൾക്കു നിയന്ത്രണമുള്ള ഒരു നവലോകമായി പരിവർത്തിപ്പിക്കുന്നതിനുതകുന്ന ഒരു ഇന്ത്യൻ വിദ്യാഭ്യാസ പദ്ധതിയാണ് ഇ. എം. എസ്. വിഭാവനം ചെയ്യുന്നത്.

എന്നാൽ ഘടനാപരമായ നവീകരണത്തിൻെറയും സാമ്പത്തിക ക്രമീകരണത്തിൻെറയും പേരിൽ വിദ്യാഭ്യാസരംഗത്തെ ജനാധിപത്യവൽക്കരണത്തെ പൂർണമായും തള്ളിക്കളയുന്ന പുത്തൻ വിദ്യാഭ്യാസ നയം എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നാണ് ഭരണാധികാരികൾ സ്വപ്നം കാണുന്നത്. വിദ്യാഭ്യാസരംഗത്തെ ഘടനാപരമായ നവീകരണത്തേയും ജനാധിപത്യവൽക്കരണത്തേയും ഒരുമിച്ചുചേർത്തു മുന്നോട്ടു കൊണ്ടുപോകുന്ന മറെറാരു മാർഗത്തെ അവർ ഭയപ്പെടുകയും ചെയ്യുന്നു. അധികാര വികേന്ദ്രീകരണത്തിലൂടെ വിദ്യാഭ്യാസ ചുമതലകളെ വികേന്ദ്രീകരിക്കാൻ കേരളത്തിലെ ജില്ലാകൗൺസിലുകളിലൂടെ നടത്താനിരുന്ന പരീക്ഷണം അട്ടിമറിക്കപ്പെട്ടത് ഈ സന്ദർഭത്തിൽ ഓർക്കാം. "അധികാരവികേന്ദ്രീകരണം പോലുള്ള ജനാധിപത്യരീതികളിലധിഷ്ഠിതമായ നവീകരണത്തിനുപകരം വിദേശമൂലധന താൽപ്പര്യങ്ങൾക്കുവേണ്ടി ലാഭകരമല്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടിക്കൊണ്ട് ഒരു നവലോകവിദ്യാഭ്യാസക്രമം സൃഷ്ടിക്കാനുള്ള ശ്രമമാണ് ഈ നടക്കുന്നത്. എല്ലാററിനും മീതെ, ഇവിടെ വിദ്യാഭ്യാസപ്രശ്നം രാഷ്ട്രീയവും നയപരവുമാണ്'' എന്ന് സ: ഇ. എം. എസ്. ഓർമ്മിപ്പിക്കുന്നതിൻെറ പ്രസക്തി ഇവിടെയാണ്.

ഇന്ത്യൻ വിദ്യാഭ്യാസത്തിൻെറ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടൊപ്പം ഭാവി വിദ്യാഭ്യാസത്തിൻെറ ഒരുരൂപരേഖയ്ക്കുള്ള ചില നിർദേശങ്ങൾ കൂടി സ: ഇ എം എസ് അവതരിപ്പിക്കുന്നുണ്ട്. 'വെള്ളക്കോളർ' ജോലിക്കാരെ സൃഷ്ടിക്കുക എന്നതൊഴിച്ച് ബഹുഭൂരിപക്ഷം ജനങ്ങൾക്ക് യാതൊരു ഗുണവും ചെയ്യാത്ത ഇന്നത്തെ വിദ്യാഭ്യാസ രീതി ആകെ അഴിച്ചുപണിയുന്നതിനുതകുന്ന വിലപ്പെട്ട നിർദ്ദേശങ്ങളാണ് അവയെല്ലാംതന്നെ. എന്നാൽ വിദ്യാ

## സരിതയ്ക്ക് ഒന്നാം റാങ്ക്

കേരള യൂണിവേഴ്സിററി ബി. എസ്. സി. ജിയോളജി പരീക്ഷയിൽ റിക്കാർഡ് മാർക്കോടെ ഒന്നാം റാങ്ക് ആർ. സരിത നേടി. എ. കെ. പി. സി. ടി. എ. തിരുവനന്തപുരം ജില്ലാ സെക്രട്ടറി പ്രൊഫ. ആർ. മോഹനകൈമളുടേയും കരമന എൻ. എസ്. എസ്. കോളേജ് ഫിസിക്സ് പ്രൊഫസർ രാജമ്മയുടേയും മകളാണ് സരിത. യൂണിവേഴ്സിററി കോളേജിലാണ് സരിത പഠിച്ചത്.

ആഗസ്ററ് 8ന് കൂടിയ എ. കെ. പി. സി. ററി. എ. പ്രവർത്തക സമിതി യോഗം സരിതയെ അനുമോദിച്ചു.

ദ്യോസത്തിൻെറ ഘടനയെ സംബന്ധിക്കുന്ന നിർദേശങ്ങളാണവ. ഘടനയെ സംബന്ധിക്കുന്ന ഈ നിർദ്ദേശങ്ങളെ ഉള്ളടക്കത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ കൊണ്ട് സമ്പന്നമാക്കേണ്ടതുണ്ട്. ഇവിടെയാണ് ഉപയോഗശൂന്യവും പഴഞ്ചനുമായ പാഠ്യപദ്ധതി ഓരോതലത്തിലും പരിഷ്ക്കരിക്കുന്നതിൻെറ പ്രശ്നം വരുന്നത്. പൊതുഘടനയെ സംബന്ധിച്ച് ഇ. എം. എസ്. അവതരിപ്പിക്കുന്ന മാർഗരേഖയുടെ പശ്ചാത്തലത്തിൽ, ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതകരമായ മററങ്ങളോടുചേർന്നുനിൽക്കാൻ പോന്ന ഒരു പുത്തൻ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ കൂടി വിവിധതലങ്ങളിൽ നടക്കേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ, വൈജ്ഞാനികമായി വീണ്ടും നാം പിന്നണിയിലാവുക എന്ന വിപത്തുമാത്രമല്ല, അതിനുമപ്പുറം രാഷ്ട്രീയമായി വീണ്ടും പരതന്ത്രരാവുക എന്ന കൊടിയൊരു വിപത്തുകൂടിയാവും നമ്മെ കാത്തുനിൽക്കുക. □

## STOP PRESS

അധ്യാപകരുടെ നിഷേധിക്കപ്പെട്ട ശമ്പളം നൽകാൻ ഡി. സി. ഇ. ഉത്തരവുനൽകിയ സാഹചര്യത്തിൽ ആഗസ്ററ് 21ന് ഡി. സി .ഇ. ഓഫീസിനു മുമ്പിൽ നടത്താൻ നിശ്ചയിച്ചിരുന്ന ധർണ്ണ മാററി വച്ചതായി എ കെ പി സി ടി എ സംസ്ഥാന കമ്മററി ഓഫീസിൽ നിന്നും അറിയിക്കുന്നു.

# രാജലക്ഷ്മിയ്ക്ക് ഡോക്ടറേററ്



പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളെ ആധാരമാക്കി മലയാളത്തിലെ പ്രശ്ന നാടകങ്ങളെക്കുറിച്ചു നടത്തിയ പഠനത്തിന് ശ്രീമതി. ആർ. ബി. രാജലക്ഷ്മിയ്ക്ക് കേരള സർവ്വകലാശാല ഡോക്ടറേററ് നല്കി. എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകയായ രാജലക്ഷ്മി ധനുവച്ചപുരം. എൻ. എസ്. എസ്. കോളേജ് അധ്യാപികയാണ്.



എസ്. എസ്. എൽ. സി. റാങ്കുജേതാവ് കുമാരി എൻ. സരിതയ്ക്ക് എസ്. ഡി. കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ചുപ്രസിഡൻറ് പ്രൊഫ. എ. രാജപ്പൻ നായർ സ്വർണ്ണമെഡൽ സമ്മാനിക്കുന്നു. എസ്. ഡി. കോളേജിലെ മലയാളം അധ്യാപകനും എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനുമായ പ്രൊഫ. ഡി. നാരായണൻകുട്ടിയുടെ മകളാണ് സരിത.

# kerala private college teacher

monthly journal of the all kerala private college teachers association

R.No 36025/81 No. 113 Registered No. KLTV(N)35


- വരേണ്യവർഗ്ഗ വിദ്യാഭ്യാസനയം പിൻവലിക്കുക. മതേതര ജനാധിപത്യ-ശാസ്ത്രാധിഷ്ഠിത വിദ്യാഭ്യാസനയം രൂപവത്ക്കരിക്കുക. സാർവത്രികമായ പ്രൈമറി വിദ്യാഭ്യാസം ഏർപ്പെടുത്തുക എല്ലാവർക്കും വിദ്യാഭ്യാസത്തിൽ തുല്യ അവസരം ഉറപ്പാക്കുക. വരവിന്റെ 10% വിദ്യാഭ്യാസ ചെലവിനായി നീക്കിവയ്ക്കുക.
- സ്ത്രീകൾക്ക് തുല്യനീതി ഉറപ്പാക്കുക. അവരുടെനേരേയുള്ള എല്ലാത്തരം അതിക്രമങ്ങൾക്കും അറുതിവരുത്തുക.
- ഡങ്കൽ നിർദ്ദേശങ്ങൾ പൂർണ്ണമായി നിരാകരിക്കുക.
- ബഹുരാഷ്ട്ര കുത്തകകൾക്കും ഇൻഡ്യൻ വൻകിടക്കാർക്കും നൽകിയ എല്ലാ സൗജന്യങ്ങളും റദ്ദുചെയ്യുക.
- സർക്കാർജീവനക്കാരുടെ വേതനം മരവിപ്പിക്കാനും എണ്ണം കുറയ്ക്കാനുമുള്ള നീക്കം ഉപേക്ഷിക്കുക. കൂട്ടായി വിലപേശാനുള്ള അവകാശം അനുവദിക്കുക.
- പിരിച്ചുവിടലും അടച്ചുപൂട്ടലും നിർത്തലാക്കുക.
- പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുക. അവശ്യവസ്തുക്കൾ പൊതുവിതരണ ശൃംഖലയിലൂടെ ലഭ്യമാക്കുക.
- വർഗ്ഗീയ പിന്തിരിപ്പൻ പ്രചരണങ്ങളെ നിരോധിക്കുക. രാഷ്ട്രീയനേട്ടത്തിനു വേണ്ടി മതവികാരം ഉപയോഗിക്കുന്നതു തടയുക.

## സെപ്തംബർ 9 ന്റെ

# പണിമുടക്കും
# ഭാരതബന്ദും
# വിജയിപ്പിക്കുക


Printed and published by v narayanankutty at chempaka printers trivandrum-4 phone : 442127 chief editor: sukumaran nair